AXIS BANK

# ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും

ഇവിടെ കൊടുത്തിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും എല്ലാ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും ക്രെഡിറ്റ്കാർഡ് അപേക്ഷകർക്കും ബാങ്കിൻറെ ഉപഭോക്താക്കൾക്കും ബാങ്കിൻറെ ക്രെഡിറ്റ് കാർഡ് ഉൽപന്നങ്ങളിൽ തൽപരരായ പൊതുജനങ്ങൾക്കും ഉടനടി പ്രാബല്യത്തിൽ വരുന്നവയാണ്.

ഈ പ്രധാനപ്പെട്ട നിബന്ധനകളുംവ്യവസ്ഥകളും മാറ്റത്തിന് വിധേയമാണ്.

ഈ പറയുന്ന പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും ബാങ്കിൻറെ കാർഡ്ഹോൾഡർ എഗ്രിമെൻടിനു പുറമെയുള്ളതും അതോടൊപ്പം ചേർത്തുവായിക്കേണ്ടവയുമാണ്.

A) നിരക്കുകളുടെ പട്ടിക

1. ചേരുന്നതിനുള്ള ഫീസ്, വാർഷിക ഫീസ്, ആഡ്-ഓൺ കാർഡിനുള്ള ഫീസ് എന്നിവ

| ക്രെഡിറ്റ് കാർഡ് തരം | ചേരുന്നതിനുള്ള ഫീസ് (രൂ.) | രണ്ടാം വർഷം മുതലുള്ള വാർഷിക ഫീസ്(രൂ.) | ആഡ്-ഓൺ കാർഡ് |
|---|---|---|---|
| ആക്സിസ് ബാങ്ക് ഇൻഫിനിറ്റ് ക്രെഡിറ്റ് കാർഡ് | ഇല്ല/ ശൂന്യം | ഇല്ല/ ശൂന്യം | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് ബസ്സ് ക്രെഡിറ്റ് കാർഡ് | 750 | 750 | ഇല്ല/ ശൂന്യം |
| ഇന്ത്യൻ ഓയിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് | 500 | 500 | ഇല്ല/ ശൂന്യം |
| ഫ്ളിപ്കാർട്ട് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് | 500 | 500 | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് ഫ്രീ ചാർജ്ജ് ക്രെഡിറ്റ് കാർഡ് | 250 | 250 | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് ഫ്രീ ചാർജ്ജ് പ്ലസ് ക്രെഡിറ്റ് കാർഡ് | 350 | 350 | ഇല്ല/ ശൂന്യം |

| | | | |
|---|---|---|---|
| ആക്സിസ് ബാങ്ക് എയ്സ് ക്രെഡിറ്റ് കാർഡ് | 499 ( കാർഡ് ലഭിച്ച് 45 ദിവസങ്ങൾക്കുള്ളിൽ 10000 രൂപ ചെലവാക്കുന്ന പക്ഷം ഒഴിവാക്കപ്പെടുന്നു) | 499 (പിന്നീട്ടവർഷം 2,00,000 രൂപ ചെലവാക്കുന്ന പക്ഷം ഒഴിവാക്കപ്പെടുന്നു) | ഇല്ല/ ശൂന്യം |
| സെലക്ട് ക്രെഡിറ്റ് കാർഡ് | 3,000 (ബർഗണ്ടി അക്കൗണ്ട് ഉടമകൾക്ക് ചാർജ് ഇല്ല) | 3,000 (ബർഗണ്ടി അക്കൗണ്ട് ഉടമകൾക്ക് ചാർജ് ഇല്ല) | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് അറ്റ്ലസ് ക്രെഡിറ്റ് കാർഡ് | 5000 | 5000 | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് ബർഗണ്ടി പ്രൈവറ്റ് ക്രെഡിറ്റ് കാർഡ് | 50,000 (ബർഗണ്ടി പ്രൈവറ്റ് അക്കൗണ്ട് ഉടമകൾക്ക് ചാർജ് ഇല്ല) | 50,000 (ബർഗണ്ടി പ്രൈവറ്റ് അക്കൗണ്ട് ഉടമകൾക്ക് ചാർജ് ഇല്ല) | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് റിസേർവ് ക്രെഡിറ്റ് കാർഡ് | 50,000 | 50,000 | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് മാഗ്നസ് ക്രെഡിറ്റ് കാർഡ് | 10,000 | 10,000 | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് വിസ്താര ഇൻഫിനിറ്റ് ക്രെഡിറ്റ് കാർഡ് | 10,000 | 10,000 | ഇല്ല/ ശൂന്യം |
| ആക്സിസ് വിസ്താര സിഗ്നേച്ചർ ക്രെഡിറ്റ് കാർഡ് | 3,000 | 3,000 | ഇല്ല/ ശൂന്യം |

| | | | |
|---|---|---|---|
| ആക്സിസ് ബാങ്ക് വിസ്താര ക്രെഡിറ്റ് കാർഡ് | 1,500 | 1,500 | ഇല്ല/ ശൂന്യം |
| പ്രിവിലേജ് ക്രെഡിറ്റ് കാർഡ് | 1,500 | 1,500 | ഇല്ല/ ശൂന്യം |
| മൈൽസ് & മോർ വേൾഡ് സെലക്ട് ക്രെഡിറ്റ് കാർഡ് | 10,000 | 4,500 | ഇല്ല/ ശൂന്യം |
| മൈൽസ് & മോർ വേൾഡ് ക്രെഡിറ്റ് കാർഡ് | 3,500 | 3,500 | ഇല്ല/ ശൂന്യം |
| നിയോ | 250 | 250 | ഇല്ല/ ശൂന്യം |
| ആക്സിസ് ബാങ്ക് ഓറ ക്രെഡിറ്റ് കാർഡ് | 749 | 749 | ഇല്ല/ ശൂന്യം |
| LIC cards<br>എൽഐസി കാർഡ്സ് | ഇല്ല/ ശൂന്യം | ഇല്ല/ ശൂന്യം | ഇല്ല/ ശൂന്യം |
| സിഗ്നേച്ചർ വിത്ത് ട്രാവൽ ബെനെഫിറ്റ്സ് | 1,500 | 1,000 (പിന്നിട്ട വർഷം 2.4 1,000 രൂപ എന്ന ചെലവ്പടി വാതിൽ നേടുന്നപക്ഷം ഒഴിവാക്കപ്പെടുന്നു) | ഇല്ല/ ശൂന്യം |
| മൈ വിങ്സ് | 1,200 | 500 | ഇല്ല/ ശൂന്യം |
| മൈ ചോയ്സ് | 250 (ഇമേജ്കാർഡിന് 150 രൂപ അധികഫീസ് ഈടാക്കുന്നതാണ്) | 250 | ഇല്ല/ ശൂന്യം (ഇമേജ്കാർഡിന് 150 രൂപ അധികഫീസ് ഈടാക്കുന്നതാണ്) |
| മൈ സോൺ | 500 | 500 | ഇല്ല/ ശൂന്യം |
| മൈ ബിസിനസ്സ് | 999 | 499 | ഇല്ല/ ശൂന്യം |

| | | | |
|---|---|---|---|
| പ്ലാറ്റിനം | 500/- (കാർഡ് സജ്ജമാക്കുന്നതിൻറെ 45 ദിവസങ്ങൾക്കുള്ളിൽ 5,000 രൂപ ചെലവഴിക്കുന്ന പക്ഷം ഒഴിവാക്കപ്പെടുന്നു.) | 200/- (പിന്നിട്ട വർഷം 1,00,000/- രൂപ ചെലവഴിക്കുന്നപക്ഷം ഒഴിവാക്കപ്പെടുന്നു.) | |
| ടൈറ്റാനിയം | 250/- (കാർഡ് സജ്ജമാക്കുന്നതിൻറെ 45 ദിവസങ്ങൾക്കുള്ളിൽ 2,500/- രൂപ ചെലവഴിക്കുന്ന പക്ഷം ഒഴിവാക്കപ്പെടുന്നു.) | 100/- (പിന്നിട്ട വർഷം 50,000/- രൂപ ചെലവഴിക്കുന്നപക്ഷം ഒഴിവാക്കപ്പെടുന്നു.) | |
| മൈ സോൺ ഈസി കാർഡ് | 500 | 500 | |
| പ്രൈഡ് പ്ലാറ്റിനം | ഇല്ല/ ശൂന്യം | 250/- (പിന്നിട്ട വർഷം 20,000/- രൂപ ചെലവഴിക്കുന്നപക്ഷം ഒഴിവാക്കപ്പെടുന്നു.) | ഇല്ല/ ശൂന്യം |
| പ്രൈഡ് സിഗ്നേച്ചർ | | 500/- (പിന്നിട്ട വർഷം 40,000/- രൂപ ചെലവഴിക്കുന്നപക്ഷം ഒഴിവാക്കപ്പെടുന്നു.) | |

**2.** ഫിനാൻസ്/ പലിശ നിരക്കുകൾ (**2021** ജൂൺ **12** മുതൽ നിലവിൽ വരുന്നത്)

| ആക്സിസ് ബാങ്ക് കാർഡ് തരം | എക്സ്റ്റെൻഡഡ് ക്രെഡിറ്റിന്മേലുള്ള ഓവർഡ്യൂ പലിശ | ക്യാഷ് അഡ്വാൻസിൻമേലുള്ള പലിശ |
|---|---|---|

| | പ്രതി മാസ നിരക്ക് | വാർഷിക നിരക്ക് | പ്രതിമാസ നിരക്ക് | വാർഷിക നിരക്ക് |
|---|---|---|---|---|
| ആക്സിസ് ബാങ്ക് ബർഗണ്ടി പ്രൈവറ്റ് ക്രെഡിറ്റ് കാർഡ് | 1.5% | 19.56% പ്രതി വർഷം | 1.5% | 19.56% പ്രതി വർഷം |
| പ്രൈഡ് പ്ലാറ്റിനം, പ്രൈഡ് സിഗ്നേച്ചർ കാർഡ് | 2.95% പ്രതി മാസം | 41.75% പ്രതി വർഷം | 2.95% പ്രതി മാസം | 41.75% പ്രതി വർഷം |
| പ്രിവിലേജ്/ ആക്സിസ് ബാങ്ക് സെലക്ട് ക്രെഡിറ്റ് കാർഡ് / ആക്സിസ് ബാങ്ക് അറ്റ്ലസ് ക്രെഡിറ്റ് കാർഡ്/ മൈൽസ് & മോർ വേൾഡ് സെലക്ട് കാർഡ്/ മൈൽസ് & മോർ വേൾഡ് കാർഡ്/ മൈ സോൺ/ മൈ ചോയ്സ് / മൈ വിങ്സ്/ ആക്സിസ് ബാങ്ക് വിസ്താര സിഗ്നേച്ചർ ക്രെഡിറ്റ് കാർഡ്/ ആക്സിസ് ബാങ്ക് വിസ്താര ക്രെഡിറ്റ് കാർഡ്/ പ്ലാറ്റിനം/ ടൈറ്റാനിയം / നിയോ/ ബസ്സ് / ഗോൾഡ്/ സിൽവർ/ ഇന്ത്യൻ ഓയിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ്/ ആക്സിസ് ബാങ്ക് വിസ്താര ഇൻഫിനിറ്റ് ക്രെഡിറ്റ് കാർഡ്/ ആക്സിസ് ബാങ്ക് ഓറ ക്രെഡിറ്റ് കാർഡ്/ എൽ ഐ സി കാർഡ് | 3.6% പ്രതി മാസം | 52.86% പ്രതി വർഷം | 3.6% പ്രതി മാസം | 52.86% പ്രതി വർഷം |

| | | | | |
|---|---|---|---|---|
| ആക്സിസ് ബാങ്ക് റിസേർവ് ക്രെഡിറ്റ് കാർഡ്/ ആക്സിസ് ബാങ്ക് മാഗ്നസ് ക്രെഡിറ്റ് കാർഡ് | 3.0% പ്രതി മാസം | 42.58% പ്രതി വർഷം | 3.0% പ്രതി മാസം | 42.58% പ്രതി വർഷം |
| ഫ്ലിപ്പ് കാർട്ട് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ്/ ആക്സിസ് ബാങ്ക് ഫ്രീ ചാർജ്ജ് ക്രെഡിറ്റ് കാർഡ്/ ആക്സിസ് ബാങ്ക് ഫ്രീ ചാർജ്ജ് പ്ലസ് ക്രെഡിറ്റ് കാർഡ്/ ആക്സിസ് ബാങ്ക് ഏയ്സ് ക്രെഡിറ്റ് കാർഡ് | 3.6% പ്രതി മാസം | 52.86% പ്രതി വർഷം | 3.6% പ്രതി മാസം | 52.86% പ്രതി വർഷം |
| ഇൻസ്റ്റാ ഈസി കാർഡ്/ മൈ സോൺ ഈസി കാർഡ്/ പ്രിവിലേജ് ഈസി കാർഡ് | 3.4% പ്രതി മാസം | 49.36% പ്രതി വർഷം | 3.4% പ്രതി മാസം | 49.36% പ്രതി വർഷം |

**ഫിനാൻസ്/ പലിശ നിരക്ക് സംബന്ധിച്ച വിവരണം**

1) താഴെപ്പറയുന്ന സാഹചര്യങ്ങളിൽ പലിശ ഈടാക്കപ്പെടുന്നതാണ്;

- അടയ്ക്കേണ്ട മുഴുവൻ തുകയും ഡ്യൂ ഡേറ്റിനുള്ളിൽ അടയ്ക്കാത്ത പക്ഷം കുടിശ്ശികയുള്ള മുഴുവൻ തുകയും അടച്ചു തീരുന്നതുവരെ അടയ്ക്കേണ്ട മുഴുവൻ തുകയിലും അതിനു ശേഷമുള്ള പുതിയ ഇടപാടുകളിലും (ഇടപാട് തിയതി മുതൽ) പലിശ ഈടാക്കുന്നതാണ്.

- എല്ലാ പണം പിൻവലിക്കലുകളിലും, പണം പിൻവലിക്കുന്ന തിയതി മുതൽ പൂർണമായി അടച്ച് തീരുന്ന തിയതി വരെ പലിശ ഈടാക്കുന്നതാണ്.

- പണം അടയ്ക്കേണ്ട ഡ്യൂ ഡേറ്റിനുള്ളിൽ മിനിമം ഡ്യൂ തുകയെങ്കിലും അടയ്ക്കാത്ത പക്ഷം ലേറ്റ് പേയ്മെൻറ് ഫീസും പലിശയും ഈടാക്കുന്നതാണ്.

- മറ്റു ക്രെഡിറ്റ് കാർഡുകളിൽ നിന്നും ഉള്ള കുടിശ്ശിക ട്രാൻസ്ഫർ ചെയ്യുന്ന പക്ഷം ബാങ്കേഴ്സ് ചെക്ക് ഇഷ്യൂ / NEFT ചെയ്യുന്ന ദിവസം മുതൽ അപ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടുന്ന തുകയിലും

താങ്കളുടെ കാർഡ് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയ്ക്കും ഫിനാൻസ് ചാർജ്ജ് ഈടാക്കുന്നതാണ്.

2) താങ്കളുടെ കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യുകയാണെങ്കിൽപ്പോലും കാർഡിന്മേലുള്ള കുടിശ്ശിക പൂർണമായി അടച്ചു തീരുന്നതുവരെ മേൽ കൊടുത്തിട്ടുള്ള പ്രകാരം ഫിനാൻസ് ചാർജ്ജ് ഈടാക്കുന്നത് തുടരുന്നതായിരിക്കും.

**3) മറ്റു ഫീസുകളും നിരക്കുകളും**

| | | |
|---|---|---|
| പണം പിൻവലിക്കുന്നതിനുള്ള ഫീസ്** | പിൻവലിക്കുന്ന തുകയുടെ 2.5% ( കുറഞ്ഞത് 500/- രൂപ); ആക്സിസ് ബാങ്ക് ബർഗണ്ടി പ്രൈവറ്റ്, റിസേർവ് & മാഗ്നസ് ക്രെഡിറ്റ് കാർഡുകൾക്ക് ഒഴിവാക്കപ്പെട്ടിരിക്കുന്നു. | |
| ബ്രാഞ്ചുകളിൽ പണമായി അടയ്ക്കുന്നതിനുള്ള ഫീ: | 100/-രൂപ. ബർഗണ്ടി പ്രൈവറ്റ് ക്രെഡിറ്റ് കാർഡിന് ഒഴിവാക്കപ്പെട്ടിരിക്കുന്നു | |
| കാർഡ് റീപ്ലേസ്മെന്റ് ഫീ | 100/- രൂപ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് വിസ്താര ഇൻഫിനിറ്റ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് വിസ്താര സിഗ്നേച്ചർ ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് വിസ്താര ക്രെഡിറ്റ് കാർഡ്, മാഗ്നസ്, റിസേർവ് ക്രെഡിറ്റ് കാർഡ്, ബർഗണ്ടി പ്രൈവറ്റ് ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് ഓറ ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് അറ്റ്ലസ് ക്രെഡിറ്റ് കാർഡ് എന്നിവയ്ക്ക് ഒഴിവാക്കിയിരിക്കുന്നു. | |
| ഡ്യൂപ്ലിക്കേറ്റ് സ്റ്റേറ്റ്മെന്റ് ഫീസ് | ഒഴിവാക്കിയിരിക്കുന്നു. | |
| ബർഗണ്ടി പ്രൈവറ്റ് ക്രെഡിറ്റ് കാർഡ്നുള്ള ലേറ്റ് പേമെന്റ് ഫീ | ഒഴിവാക്കിയിരിക്കുന്നു. | |
| ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിനുള്ള ലേറ്റ് പേമെന്റ് ഫീ | അടയ്ക്കേണ്ട ആകെ തുക 100/- രൂപ വരെയാണെങ്കിൽ ശൂന്യം. | |
| | അടയ്ക്കേണ്ട ആകെ തുക 101/- മുതൽ 300/- രൂപ വരെയാണെങ്കിൽ 100/- രൂപ | |

| | |
|---|---|
| | അടയ്ക്കേണ്ട ആകെ തുക 301/- മുതൽ 1,000/- രൂപ വരെയാണെങ്കിൽ 300/- രൂപ |
| | അടയ്ക്കേണ്ട ആകെ തുക 1,001/- മുതൽ 5,000/- രൂപ വരെയാണെങ്കിൽ 500/- രൂപ |
| | അടയ്ക്കേണ്ട ആകെ തുക 5,001/- മുതൽ 10,000/- രൂപ വരെയാണെങ്കിൽ 600/- രൂപ |
| | അടയ്ക്കേണ്ട ആകെ തുക 10,001/- രൂപയിൽ കൂടുതലാണെങ്കിൽ 700/- രൂപ |
| മറ്റു കാർഡുക ൾക്കുള്ള ലേറ്റ് പേമെന്റ് ഫീ | അടയ്ക്കേണ്ട ആകെ തുക 300/- രൂപ വരെയാണെങ്കിൽ ശൂന്യം. |
| | അടയ്ക്കേണ്ട ആകെ തുക 301/- മുതൽ 500/- രൂപ വരെയാണെങ്കിൽ 100/- രൂപ |
| | അടയ്ക്കേണ്ട ആകെ തുക 501/- മുതൽ 1000/- രൂപ വരെയാണെങ്കിൽ 500/- രൂപ |
| | അടയ്ക്കേണ്ട ആകെ തുക 10,001/- മുതൽ 25,000/- രൂപ വരെയാണെങ്കിൽ 750/- രൂപ |
| | അടയ്ക്കേണ്ട ആകെ തുക 25,001/- മുതൽ 50,000/- രൂപ വരെയാണെങ്കിൽ 1,000/- രൂപ |
| | അടയ്ക്കേണ്ട ആകെ തുക 50,000/- രൂപയിൽ കൂടുതലാണെങ്കിൽ 1,000/- രൂപ |
| ആക്സിസ് ബാങ്ക് ഏയ്സ് കാർഡിനുള്ള ഓവർ-ലിമിറ്റ് പെനാൽറ്റി | ഓവർ-ലിമിറ്റ് തുകയുടെ 3% (കുറഞ്ഞത് 500/- രൂപ) |
| മറ്റ് ആക്സിസ് ബാങ്ക് കാർഡുകൾക്കുള്ള ഓവർ-ലിമിറ്റ് പെനാൽറ്റി*** | ഓവർ-ലിമിറ്റ് തുകയുടെ 2.5% (കുറഞ്ഞത് 500/- രൂപ) ബർഗണ്ടി പ്രൈവറ്റ് കാർഡുകൾക്ക് ഒഴിവാക്കിയിരിക്കുന്നു. |
| ചാർജ് സ്ലീപ് റിട്രീവൽ ഫീ/ കോപ്പി റിക്വെസ്റ്റ് ഫീ | ഒഴിവാക്കിയിരിക്കുന്നു |
| ഔട്ട് സ്റ്റേഷൻ ചെക്ക് ഫീ | ഒഴിവാക്കിയിരിക്കുന്നു |
| ചെക്ക് മടങ്ങൽ / ഡിസോണർ ഫീ/ ഓട്ടോ ഡെബിറ്റ് റിവേർസൽ (ബാങ്ക് അക്കൌണ്ടിൽ പണം ഇല്ലാതെ) | തുകയുടെ 2% (കുറഞ്ഞത് 450/-, കൂടിയത് 1500/- രൂപ) ബർഗണ്ടി പ്രൈവറ്റ് കാർഡുകൾക്ക് ഒഴിവാക്കിയിരിക്കുന്നു. |

| | |
|---|---|
| റെയിൽവേ ടിക്കറ്റ് വാങ്ങുന്നതും കാൻസൽ ചെയ്യുന്നതും | IRCTC/ ഭാരതീയ റെയിൽവേ നിർദേശിച്ചിരിക്കുന്നത് പ്രകാരം. |
| ഇന്ധന ഇടപാട് സർ ചാർജ്ജ് | ഇടപാട് തുകയുടെ 1%( 400 രൂപ മുതൽ 4000 രൂപ വരെയുള്ള ഇടപാടുകൾക്ക് റീഫണ്ട് ലഭിക്കുന്നതാണ്. പ്രതിമാസ നേട്ടം 400 രൂപ വരെ; പ്രൈഡ് പ്ലാറ്റിനം കാർഡിന് 250/- രൂപ മാത്രം. മൈ ചോയ്സ്, നിയോ, ബസ്, ആക്സിസ് ബാങ്ക് വിസ്താര ക്രെഡിറ്റ് കാർഡ്, ആക്സിസ് ബാങ്ക് വിസ്താര സിഗ്നേച്ചർ കാർഡുകൾക്ക് റീഫണ്ട് ലഭിക്കുന്നതല്ല.<br>ഇന്ധന ഇടപാടിൽ ചുമത്തപ്പെടുന്ന നികുതി ഒഴിവാക്കുന്നതല്ല എന്നും ആ നികുതികൾ കാർഡ് ഉടമ വഹിക്കേണ്ടതുമാണെന്ന് ശ്രദ്ധിക്കുക. |
| വിദേശ നാണയ വിനിമയ ഫീസ് | ആക്സിസ് ബാങ്ക് മാഗ്നസ് ക്രെഡിറ്റ് കാർഡിന് വിനിമയ തുകയുടെ 2%. ആക്സിസ് ബാങ്ക് റിസേർവ് കാർഡിന് വിനിമയ തുകയുടെ 1.5%.<br>ബർഗണ്ടി പ്രൈവറ്റ് കാർഡിന് ശൂന്യം. മറ്റ് കാർഡുകൾക്ക് വിനിമയ തുകയുടെ 3.50% |
| വിനിമയങ്ങൾക്കുള്ള മൊബൈൽ ആലേർട്ടുകൾ | ഒഴിവാക്കിയിരിക്കുന്നു |
| ഹോട്ട് ലിസ്റ്റ് ചെയ്യുന്നതിനുള്ള നിരക്കുകൾ | ഒഴിവാക്കിയിരിക്കുന്നു |
| ബാലൻസ് എൻക്വയറി നിരക്കുകൾ | ഒഴിവാക്കിയിരിക്കുന്നു |

**കുറിപ്പ്:** i) ഭാരത സർക്കാർ അറിയിപ്പുകൾ പ്രകാരമുള്ള ചരക്ക്-സേവന നികുതികൾ എല്ലാ ഫീസുകളിലും പലിശകളിലും മറ്റ് നിരക്കുകളിലും ബാധകവും സർക്കാർ നിർദേശപ്രകാരം മാറ്റം വരാവുന്നവയുമാണ്.

ii) കാലാനുസൃതമായി, ഉപഭോക്താവിന് ഒരു മാസത്തെ സൂചന നൽകിക്കൊണ്ട് ഈ നിരക്കുകളിൽ ഉചിതമായ മാറ്റം വരുത്തുവാനും പുതിയ ഫീസുകളോ നിരക്കുകളോ ഈടാക്കുവാനും ബാങ്കിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

*__ലേറ്റ് പേമെന്റ് ഫീ__: ഡ്യൂ ഡേറ്റിനുള്ളിൽ പണം അടയ്ക്കാതിരിക്കുകയോ, മിനിമം ഡ്യൂ തുകയിൽ കുറഞ്ഞ ഒരു തുക മാത്രം അടയ്ക്കുകയും ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കാർഡ് ഉടമയുടെ മേൽ ലേറ്റ് പേമെന്റ് ഫീ ചുമത്തപ്പെടുന്നതാണ്. ലേറ്റ് പേമെന്റ് ഫീസ് ഒഴിവാക്കുന്നതിനായി കൃത്യമായ തുക ഡ്യൂ ഡേറ്റിനോ അതിനു മുൻപായോ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് അക്കൌണ്ടിൽ അടയ്ക്കേണ്ടതാണ്.

**__പണം പിൻവലിക്കുന്നതിനുള്ള ഫീ__: ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉടമകൾക്ക്, അവർ ക്രെഡിറ്റ് കാർഡിന് അപേക്ഷിച്ചപ്പോൾ തെരഞ്ഞെടുത്ത ഉപയോഗ ക്രമങ്ങൾക്ക് അനുസരിച്ച് ഇന്ത്യയിലും വിദേശത്തും ഉള്ള എടിഎം കളിൽ നിന്നും ടി എടിഎം കളിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിന്റെ അനുയോജ്യത അനുസരിച്ച് പണം പിൻവലിക്കാവുന്നതാണ്. ഇത്തരം ഇടപാടുകൾക്ക് മേൽകൊടുത്തിട്ടുള്ള പ്രകാരം പണം പിൻവലിക്കൽ ഫീസ് ഈടാക്കുന്നതും ആയത് തുടർന്നുവരുന്ന സ്റ്റേറ്റ്മെന്റിൽ ബിൽ ചെയ്യപ്പെടുന്നതുമാണ്. ഇത് തികച്ചും ബാങ്ക് ചാർജുകൾ മാത്രമാണ്. ചില എടിഎംകളിൽ പണം പിൻവലിക്കുന്നതിന് നിരക്കുകൾ ഉണ്ടായേക്കാം, ആയത് ബാങ്കുമായി ബന്ധപ്പെട്ടതല്ല.

***__ഓവർ-ലിമിറ്റ് ഫീ__: ക്രെഡിറ്റ് ലിമിറ്റ് ആയി അനുവദിച്ചിട്ടുള്ള തുകയെക്കാൾ കൂടുതലായുള്ള ചില ഇടപാടുകൾ കാർഡ് ഉടമയ്ക്ക് ബാങ്ക് അനുവദിച്ചേക്കാം. ആ സാഹചര്യങ്ങളിൽ ലിമിറ്റിനെക്കാൾ കൂടുതലായുള്ള തുകയുടെ 2.5% (കുറഞ്ഞത് 500/- രൂപ) ഓവർ-ലിമിറ്റ് ഫീ ആയി ചുമത്തപ്പെടുന്നതാണ്. ഫീസ്, പലിശ തുടങ്ങിയ കാരണങ്ങൾ മൂലവും ഓവർ-ലിമിറ്റ് സ്റ്റാറ്റസ് ഉണ്ടായേക്കാവുന്നതാണ്

****__വിദേശ നാണയ വിനിമയ നിരക്കുകൾ__: ഇന്ത്യൻ രൂപ അല്ലാതെയുള്ള നാണയങ്ങളിൽ വിനിമയം ചെയ്യുന്ന പക്ഷം ആ ഇടപാടുകൾ ഇന്ത്യൻ രൂപയിലേക്ക് മാറ്റം ചെയ്യപ്പെടുന്നതാണ്. ആക്സിസ് ബാങ്കുമായി ആ ഇടപാട് പൂർണമാക്കപ്പെടുന്ന ദിവസം ആയിരിയ്ക്കും അപ്രകാരം മാറ്റം ചെയ്യപ്പെടുക. അത് ഇടപാട് നടക്കുന്ന ദിവസം ആയിക്കൊള്ളണം എന്നില്ല. ഇടപാട് യുഎസ് ഡോളറിൽ അല്ലെങ്കിൽ, ആ മാറ്റം ആ തുകയെ യുഎസ് ഡോളറിലേക്ക് മാറ്റി, തുടർന്നു യുഎസ് ഡോളറിനെ ഇന്ത്യൻ രൂപയിലേക്ക് മാറ്റുക വഴി ആയിരിയ്ക്കും. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഒരു നിശ്ചിത നിരക്ക് ബാധകമാക്കിയിട്ടില്ലെങ്കിൽ യുഎസ് ഡോളറിൽ നിന്നും ഇന്ത്യൻ രൂപയിലേക്കുള്ള പരിവർത്തനം സെറ്റിൽമെന്റ് തിയതിയിൽ VISA / മാസ്റ്റർ കാർഡ് നൽകുന്ന പരിവർത്തന നിരക്കുകൾ പ്രകാരവും അതിന്മേലൽ നാണയ പരിവർത്തന ഘടകം (നിലവിൽ അത്തരം ഇടപാടുകളുടെ 3.5%) കൂട്ടിച്ചേർത്തുമായിരിക്കും ,

ഇപ്രകാരമുള്ള ഇടപാടുകളിൽ നടക്കുന്ന റീഫണ്ട്കളിലും 3.5% ഫീസ് അധികമായി ഈടാക്കുന്നതാണ്

**പലിശ കണക്കാക്കുന്നതിന്റെ ഉദാഹരണം:**

നിങ്ങൾ നിങ്ങളുടെ മുൻകാല കുടിശ്ശികകൾ എല്ലാം അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ കാർഡ് അക്കൌണ്ടിൽ കുടിശ്ശിക തുക ഒന്നും ഇല്ല എന്നും നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും <u>ഇരുപതാം തീയതി</u> ആണ് ഉണ്ടാക്കുന്നതും എന്നു സങ്കൽപ്പിക്കുക.

നിങ്ങൾ ജൂൺ 12നു 25000 രൂപയ്ക്ക് വീട്ടുപയോഗത്തിനുള്ള സാധനങ്ങൾ വാങ്ങുകയും ജൂൺ 15നു എടിഎംൽ നിന്നും 5000 രൂപ പണമായി പിൻവലിക്കുകയും ചെയ്യുന്നു.

| തീയതി | ഇടപാട് തരം | തുക | വിശദീകരണം |
|---|---|---|---|
| 12 ജൂൺ | വാങ്ങൽ | 25000 രൂപ Dr | ക്രെഡിറ്റ് കാർഡിൽ സാധനങ്ങൾ വാങ്ങിയത് |
| 15 ജൂൺ | പണം പിൻവലിക്കൽ | 5000 രൂപ Dr | ക്രെഡിറ്റ് കാർഡിൽ പണം പിൻവലിച്ചത് |
| 20 ജൂൺ | പലിശ | 35.50 രൂപ Dr | പണം പിൻവലിച്ചതിന്, 5000 രൂ. * 6 ദിവസം * 3.6%*12 മാസം/365 ദിവസം = 35.50 രൂപ. |
| 20 ജൂൺ | പണം പിൻവലിക്കൽ ഫീസ് | 500 രൂപ Dr | 5000*2.5% = 125 രൂപ, ആയത് 500 രൂപയിൽ കുറവായതുകൊണ്ട് |
| 20 ജൂൺ | പലിശയിലുള്ള ജിഎസ്ടി | 6.39 രൂപ Dr | 35.50*18% = 6.39 രൂപ |
| 20 ജൂൺ | ഫീസിൽ ഉള്ള ജിഎസ്ടി | 90 രൂപ Dr | 500*18%=90 |
| ക്ലോസിംഗ് ബാലൻസ് | | 30,631.89 രൂ. Dr | ആകെ അടയ്ക്കേണ്ട തുക |

ജൂൺ 20നു ഉണ്ടാക്കപ്പെടുന്ന നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന എന്റ്റികൾ ഉണ്ടാവും:

യഥാർത്ഥത്തിലുള്ള പലിശ കണക്കാക്കുന്നത് വ്യക്തിഗതമായ വാങ്ങലുകളുടെയും ചംക്രമണ രീതിയെയും ബാധകമായ പലിശ നിരക്കുകളെയും ആശ്രയിച്ചിരിക്കും. നിങ്ങളുടെ ജൂൺ 20 ലെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡ്യൂ ഡേയ്റ്റ് ജൂലൈ 10 ആണ്. നിങ്ങൾ ജൂലൈ 10 നു 5000 രൂപ അടയ്ക്കുകയും ജൂലൈ 11നു 10000 രൂപയുടെ പുതിയ വാങ്ങൽ നടത്തുകയും ചെയ്യുകയാണെങ്കിൽ ജൂലൈ 20നു ഉണ്ടാക്കപ്പെടുന്ന നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ താഴെ പറയുന്ന എന്റ്റികൾ ഉണ്ടാവും:

| **തീയതി** | **ഇടപാട് തരം** | **തുക** | **വിശദീകരണം** |
|---|---|---|---|

| | | | |
|---|---|---|---|
| ഓപ്പണിങ് ബാലൻസ് | | 30,631.89 രൂ. Dr | മുൻ സ്റ്റേറ്റ്മെന്റിൽ നിന്നും ക്യാരിഫോർവേഡ് ചെയ്ത ബാലൻസ് |
| ജൂലൈ 10 | പേമെന്റ് | 5000 രൂ. Cr | മുൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡ്യൂ അടച്ചത് |
| ജൂലൈ 11 | വാങ്ങലുകൾ | 10,000 രൂ. Dr | ക്രെഡിറ്റ് കാർഡിൽ സാധനങ്ങൾ വാങ്ങിയത് |
| ജൂലൈ 20 | പലിശ | 1413.85 രൂ. Dr | 1413.85 രൂപയുടെ അപഗ്രഥനം താഴെ കൊടുക്കുന്നു. |

a) ജൂൺ 12 മുതൽ ജൂലൈ 20 വരെ (39 ദിവസം) 25,000 രൂപയ്ക്ക് പ്രതിമാസം @ 3.6% നിരക്കിലുള്ള പലിശ [25,000 x 3.6% x 39 ദിവസം x12 മാസം / 365 ദിവസം = 1153.97 രൂ.]

b) ജൂൺ 21 മുതൽ ജൂലൈ 10 വരെ (20 ദിവസം) 5000 രൂപയ്ക്ക് പ്രതിമാസം @ 3.6% നിരക്കിലുള്ള പലിശ [5000 x 3.6% x 20 ദിവസം x12 മാസം / 365 ദിവസം = 118.36 രൂ.]

c) ജൂലൈ 11 മുതൽ ജൂലൈ 20 വരെ (10 ദിവസം) 10,000 രൂപയ്ക്ക് പ്രതിമാസം @ 3.6% നിരക്കിലുള്ള പലിശ [10,000 x 3.6% x 10 ദിവസം x12 മാസം / 365 ദിവസം = 118.36 രൂ.]

d) ജൂൺ 20 മുതൽ ജൂലൈ 20 വരെ (31 ദിവസം) 631.39 രൂപയ്ക്ക് (പലിശ + പണമിടപാട് ഫീസ് + മുൻ സ്റ്റേറ്റ്മെന്റിൽ ചെലുത്തിയിട്ടുള്ള നികുതി) പ്രതിമാസം @ 3.6% നിരക്കിലുള്ള പലിശ [631.39 x 3.6% x 31 ദിവസം x12 മാസം / 365 ദിവസം = 23.16 രൂ.]

| | | | |
|---|---|---|---|
| ജൂലൈ 20 | ജിഎസ്ടി | 254.49 രൂ. Dr | രൂ. 1413.85*18% = 254.49 രൂ. |
| **ക്ലോസിംഗ് ബാലൻസ്** | | രൂ. 37300.23 **Dr**. | ആകെ അടയ്ക്കേണ്ട തുക |

യഥാർഥത്തിലുള്ള പലിശ കണക്കാക്കുന്നത് വ്യക്തിഗതമായ വാങ്ങലുകളുടെയും ചംക്രമണ രീതിയെയും ബാധകമായ പലിശ നിരക്കുകളെയും ആശ്രയിച്ചിരിക്കും. ഓരോ മാസവും മിനിമം തുക മാത്രം അടയ്ക്കുന്നത് ബാക്കി നിൽക്കുന്ന തുകയിൽ പലിശ അടയ്ക്കുന്നതോടൊപ്പം തിരിച്ചടവ് വർഷങ്ങളോളം നീണ്ടുപോകുന്നതിന് കാരണമാവും.

**ബർഗണ്ടി പ്രൈവറ്റ് മേൽ പലിശ കണക്കാക്കുന്നതിന്റെ ഉദാഹരണം:**

നിങ്ങൾ നിങ്ങളുടെ മുൻകാല കുടിശ്ശികകൾ എല്ലാം അടച്ചിട്ടുണ്ടെന്നും നിങ്ങളുടെ കാർഡ് അക്കൌണ്ടിൽ കുടിശ്ശിക തുക ഒന്നും ഇല്ല എന്നും നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും ഇരുപതാം തീയതി ആണ് ഉണ്ടാക്കുന്നതും എന്നു സങ്കൽപ്പിക്കുക.

നിങ്ങൾ ജൂൺ 12നു 25,000 രൂപയ്ക്ക് വീട്ടുപയോഗത്തിനുള്ള സാധനങ്ങൾ വാങ്ങുകയും ജൂൺ 15നു എടിഎംൽ നിന്നും 5,000 രൂപ പണമായി പിൻവലിക്കുകയും ചെയ്യുന്നു.

ജൂൺ 20നു ഉണ്ടാക്കപ്പെടുന്ന നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന എന്റ്ററികൾ ഉണ്ടാവും:

| തീയതി | ഇടപാട് തരം | തുക | വിശദീകരണം |
|---|---|---|---|
| 12 ജൂൺ | വാങ്ങൽ | 25,000 രൂപ Dr | ക്രെഡിറ്റ് കാർഡിൽ സാധനങ്ങൾ വാങ്ങിയത് |
| 15 ജൂൺ | പണം പിൻവലിക്കൽ | 5,000 രൂപ Dr | ക്രെഡിറ്റ് കാർഡിൽ പണം പിൻവലിച്ചത് |
| **ക്ലോസിംഗ് ബാലൻസ്** | | **രൂ. 30,000 Dr.** | **ആകെ അടയ്ക്കേണ്ട തുക** |

യഥാർഥത്തിലുള്ള പലിശ കണക്കാക്കുന്നത് വ്യക്തിഗതമായ വാങ്ങലുകളുടെയും ചംക്രമണ രീതിയെയും ബാധകമായ പലിശ നിരക്കുകളെയും ആശ്രയിച്ചിരിക്കും. നിങ്ങളുടെ ജൂൺ 20 ലെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡ്യൂ ഡേയ്റ്റ് ജൂലൈ 10 ആണ്. നിങ്ങൾ ജൂലൈ 10 നു 5000 രൂപ അടയ്ക്കുകയും ജൂലൈ 11നു 10,000 രൂപയുടെ പുതിയ വാങ്ങൽ നടത്തുകയും ചെയ്യുകയാണെങ്കിൽ ജൂലൈ 20നു ഉണ്ടാക്കപ്പെടുന്ന നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ താഴെ പറയുന്ന എന്റ്ററികൾ ഉണ്ടാവും

| **തീയതി** | **ഇടപാട് തരം** | **തുക** | **വിശദീകരണം** |
|---|---|---|---|
| ഓപ്പണിങ് ബാലൻസ് | | 30,000 രൂ. Dr | മുൻ സ്റ്റേറ്റ്മെന്റിൽ നിന്നും ക്യാരിഫോർവേഡ് ചെയ്ത ബാലൻസ് |
| ജൂലൈ 10 | പേമെന്റ് | 5,000 രൂ. Cr | മുൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡ്യൂ അടച്ചത് |
| ജൂലൈ 20 | പലിശ | 1,168.69 രൂ. Dr | 1168.69 രൂപയുടെ അപഗ്രഥനം താഴെ കൊടുക്കുന്നു. |

| | | | |
|---|---|---|---|
| ജൂലൈ 11 | വാങ്ങലുകൾ | 10,000 രൂ. Dr | ക്രെഡിറ്റ് കാർഡിൽ സാധനങ്ങൾ വാങ്ങിയത് |

ജൂൺ 12 മുതൽ ജൂലൈ 20 വരെ (39 ദിവസം) 25,000 രൂപയ്ക്ക് പ്രതിമാസം @ 1.50% നിരക്കിലുള്ള പലിശ [25000 x 1.5% x 39 ദിവസം x12 മാസം / 365 ദിവസം = 480.29 രൂ.]

ജൂൺ 15 മുതൽ ജൂലൈ 10 വരെ (26 ദിവസം) 5000 രൂപയ്ക്ക് പ്രതിമാസം @ 1.50% നിരക്കിലുള്ള പലിശ [5000 x 2.95% x 26 ദിവസം x12 മാസം / 365 ദിവസം = 64.10 രൂ.]

ജൂലൈ 11 മുതൽ ജൂലൈ 20 വരെ (10 ദിവസം) 10,000 രൂപയ്ക്ക് പ്രതിമാസം @ 1.50% നിരക്കിലുള്ള പലിശ [10,000 x 2.95% x 10 ദിവസം x12 മാസം / 365 ദിവസം = 49.32രൂ.]

| | | | |
|---|---|---|---|
| ജൂലൈ 20 | ജിഎസ്ടി | **രൂ** 206.85 Dr | രൂ.1,149.17*18%=രൂ.206.85 |
| **ക്ലോസിംഗ് ബാലൻസ്** | | **രൂ. 36,685.36 Dr**. | **ആകെ അടയ്ക്കേണ്ട തുക** |

B) **ലേറ്റ് പേമെന്റ് ഫീ കണക്കാക്കുന്ന പ്രക്രിയ**

ഡ്യൂ ഡേറ്റിനുള്ളിൽ പണം അടയ്ക്കാതിരിക്കുകയോ, മിനിമം ഡ്യൂ തുകയിൽ കുറഞ്ഞ ഒരു തുക മാത്രം അടയ്ക്കുകയും ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കാർഡ് ഉടമയുടെ മേൽ ലേറ്റ് പേമെന്റ് ഫീ ചുമത്തപ്പെടുന്നതാണ്. ലേറ്റ് പേമെന്റ് ഫീസ് ഒഴിവാക്കുന്നതിനായി കൃത്യമായ തുക ഡ്യൂ ഡേറ്റിനോ അതിനു മുൻപായോ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് അക്കൌണ്ടിൽ അടയ്ക്കേണ്ടതാണ്.

C) **ക്രെഡിറ്റ്/ പണം പിൻവലിക്കൽ / മുൻപണം ഫീസ്**

- **ക്രെഡിറ്റ് ലിമിറ്റ്**: ഇത് കാർഡ് ഉടമയ്ക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള പരിധി ആണ്. എല്ലാ ഇടപാടുകളും ഫീസും മറ്റ് നിരക്കുകളും ചേർന്ന ആകെ ബാധ്യത ഈ പരിധിയിൽ കൂടുതൽ ആകരുത്.
- **ക്യാഷ് ലിമിറ്റ്:** ഇത് കാർഡ് ഉടമയ്ക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള പണം പിൻവലിക്കൽ പരിധി ആണ്. ഇത് ക്രെഡിറ്റ് പരിധിയെക്കാൾ കുറവായിരിക്കും, മാത്രമല്ല ഇത് ആകെ ക്രെഡിറ്റ് ലിമിറ്റിന്റെ ഒരു ഘടകം ആയിരിയ്ക്കും.
  എടിഎംൽ നിന്നും പണം പിൻവലിക്കുന്നതിന് ഇടപാട് ഫീസ് ചെലുത്തുന്നതാണ്. മാത്രമല്ല റീട്ടെയിൽ വാങ്ങലുകളിൽ പലിശ ബാധകമാവുന്നത് ഡ്യൂ ഡേറ്റിനുള്ളിൽ 100% പണം അടച്ചു

തീർക്കുന്നതിനെ ആശ്രയിച്ചിരിക്കുമ്പോൾ പണം ഇടപാടുകളിൽ ഇടപാട് നടക്കുന്ന ദിവസം മുതൽ പലിശ ബാധകവുമാണ്.

- **ലഭ്യമായ ക്രെഡിറ്റ് പരിധി**: ഏത് സമയത്തും ലഭ്യമായ ക്രെഡിറ്റ് പരിധി ആ സമയത്ത് അനുവദിച്ചിട്ടുള്ള ക്രെഡിറ്റ് പരിധിയും അടച്ചു തീർക്കേണ്ട ബാധ്യതയുള്ള തുകയും തമ്മിലുള്ള വ്യത്യാസമാണ്. ആഡ്-ഓൺ കാർഡ് ഉടമകൾ പ്രൈമറി കാർഡ് ഉടമയുടെ ക്രെഡിറ്റ് പരിധി പങ്കുവയ്ക്കുന്നു.

- **ലഭ്യമായ ക്യാഷ് പരിധി**: ഏത് സമയത്തും ലഭ്യമായ ക്യാഷ് പരിധി ആ സമയത്ത് അനുവദിച്ചിട്ടുള്ള ക്യാഷ് പരിധിയും കാർഡിൽ അടച്ചു തീർക്കേണ്ട ക്യാഷ് ബാധ്യതയും തമ്മിലുള്ള വ്യത്യാസമാണ്.

- **അന്താരാഷ്ട്ര വിനിമയ പരിധി**: ഇത് കാർഡ് ഉടമയ്ക്ക് അന്താരാഷ്ട്ര വിനിമയത്തിനായി അനുവദിച്ചുകൊടുത്തിട്ടുള്ള പരിധി ആണ്. ഇത് ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുമ്പോൾ അന്താരാഷ്ട്ര വിനിമയത്തിന് അപേക്ഷിച്ചിട്ടുള്ള കാർഡ് ഉപഭോക്താക്കൾക്ക് മാത്രം അനുവദനീയമാണ്. ഇത് താങ്കളുടെ വെൽകം കിറ്റിൽ പ്രതിപാദിച്ചിട്ടുള്ള അന്താരാഷ്ട്ര വിനിമയ പരിധി പ്രകാരമാണ്.

- ക്രെഡിറ്റ്, ക്യാഷ് & അന്താരാഷ്ട്ര വിനിമയ പരിധികൾ (അനുവദിച്ചിട്ടുണ്ടെങ്കിൽ) ഓരോ കാർഡ് ഉടമയ്ക്കും വ്യതസ്തമായിരിക്കും. കാർഡ് കൈമാറുമ്പോൾ നൽകുന്ന വെൽകം ലെറിലും കാർഡ് ഉടമയ്ക്ക് അയച്ചുകൊടുക്കുന്ന പ്രതിമാസ സ്റ്റേറ്റ്മെന്റിലും ഇത് പ്രതിപാദിച്ചിട്ടുണ്ടാകും. ഓരോ പ്രതിമാസ സ്റ്റേറ്റ്മെന്റും തയ്യാർ ചെയ്യുമ്പോൾ ലഭ്യമായ ക്രെഡിറ്റ് പരിധി ആ സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി കൊടുക്കുന്നതാണ്

  - **മൾട്ടി കാർഡ്സ് ലിമിറ്റ് ഷെയറിങ്:** കാർഡ് ഉടമയ്ക്ക് അദ്ദേഹത്തിൻറെ പക്കലുള്ള കാർഡിൽ നിന്നും വ്യതസ്തമായ തരം കാർഡ് നൽകുന്നതിനുള്ള വിവേചനാധികാരം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. ഏത് കാർഡിന്റെയും ഏത് സമയത്തെയും ക്രെഡിറ്റ്, ക്യാഷ് പരിധികൾ ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. നിങ്ങളുടെ പക്കലുള്ള വ്യത്യസ്ത ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡുകളിലെ ക്രെഡിറ്റ് പരിധി പങ്കുവയ്ക്കുന്നതാണ്. ഓരോ കാർഡിനും പ്രത്യേകമായുള്ള പരിധികളുണ്ടായേക്കാമെങ്കിലും ആകെ ഉപയോഗം മൊത്തമായി അനുവദനീയമായ പരിധിക്കുള്ളിൽ നിയന്ത്രിതമാണ്. പ്രത്യേക കാർഡിലോ പങ്കുവച്ചുള്ള പരിധിയിലോ ഉള്ള ക്രെഡിറ്റ് പരിധി ബാങ്കിന്റെ നിലവിലുള്ള ആന്തരിക രൂപരേഖകൾ പ്രകാരം നിയന്ത്രിക്കുന്നതിനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്. അടയ്ക്കേണ്ട തുക അനുവദിച്ചിട്ടുള്ള ക്രെഡിറ്റ് ലിമിറ്റിനെ മറികടക്കുന്നതായാൽ മാനദണ്ഡപ്രകാരമുള്ള ഓവർ ലിമിറ്റ് ചാർജുകൾ ബാധകമാണ്.

  - **ഉപയോഗത്തിന്മേൽ ആർബിഐ യുടെ മാർഗനിർദേശങ്ങൾ**

ആർബിഐ മാർഗനിർദേശങ്ങൾ പ്രകാരം എല്ലാ കാർഡുകളും ഇന്ത്യക്കുള്ളിലെ കോൺടാക്റ്റ് അധിഷ്ഠിത ഉപയോഗ സ്ഥാനങ്ങളിൽ മാത്രം (എടിഎം, പിഓഎസ് (പോയിന്റ് ഓഫ് സെയിൽ ഉപകരണങ്ങളിൽ)) ഉപയോഗിക്കാവുന്നവയാണ്. ആക്സിസ് ബാങ്ക് മൊബൈൽ ആപ്പ്, ഇന്റർനെറ്റ് ബാങ്കിങ്, എന്നിവ വഴിയോ കസ്റ്റമർ കെയറുമായോ ഏറ്റവും അടുത്ത ബാങ്ക് ശാഖയുമായി ബന്ധപ്പെട്ടോ നിങ്ങളുടെ കാർഡിൽ കോൺടാക്റ്റ്ലെസ്സ്/ അന്താരാഷ്ട്ര/ ഓൺലൈൻ ഇടപാടുകൾ അനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യാവുന്നതും അവയുടെ പരിധികൾ നിശ്ചയിക്കാവുന്നതുമാണ്.. നിങ്ങളുടെ കാർഡിന്റെ മുൻവശത്തുള്ള കോൺടാക്റ്റ് ലെസ്സ് ചിഹ്നം നിങ്ങളുടെ കാർഡ് കോൺടാക്റ്റ് ലെസ്സ് ഉപയോഗത്തിന് സജ്ജമാണ് എന്നതിനെ സൂചിപ്പിക്കുന്നു. നിങ്ങളുടെ കാർഡ് മേൽ കൊടുത്തിട്ടുള്ള ഇടപാടുകൾക്ക് സജ്ജമല്ലെങ്കിൽ, ഇപ്രകാരം ഇടപാടുകളും പരിധികളും അനുവദിക്കുകയും നിഷേധിക്കുകയും ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ താങ്കളുടെ ആവശ്യവുമായി കസ്റ്റമർ കെയറുമായോ ഏറ്റവും അടുത്ത ശാഖയുമായോ ബന്ധപ്പെടുക.

D) **ക്രെഡിറ്റ് ഫ്രീ കാലഘട്ടം**

പലിശ-രഹിത ഗ്രേസ് കാലഘട്ടം ഇടപാട് നടത്തുന്ന തീയതി അനുസരിച്ച് 20 മുതൽ 50 വരെ ദിവസങ്ങൾ ആകാം.

**ഗ്രേസ് കാലഘട്ടം കണക്കാക്കുന്ന രീതി**: ജൂൺ 20 മുതൽ ജൂലൈ 20 വരെയുള്ള സമയത്തിന്റെ പേമെന്റ് ഡ്യൂ ഡേറ്റ് ഓഗസ്റ്റ് 10 ആയിരിയ്ക്കും. പിന്നിട്ട മാസത്തെ മുഴുവൻ ഡ്യൂ തുകയും നിങ്ങൾ അടച്ചുതീർത്തിട്ടുണ്ട് എന്ന് കണക്കാക്കുകയാണെങ്കിൽ,

1. ജൂൺ 24 നു നടത്തിയ ഒരു വാങ്ങലിന് ഗ്രേസ് കാലഘട്ടം ജൂൺ 24 മുതൽ ഓഗസ്റ്റ് 10 വരെയാണ്, അതായത് 47 ദിവസം.

2. ജൂലൈ 14നു നടത്തിയ ഒരു ഇടപാടിന് ഗ്രേസ് കാലഘട്ടം ജൂലൈ 18 മുതൽ ഓഗസ്റ്റ് 10 വരെയാണ്, അതായത് 23 ദിവസം. അപ്രകാരം, നിങ്ങൾ ഇടപാട് നടത്തുന്ന തീയതി അനുസരിച്ച് ഗ്രേസ് കാലഘട്ടം മാറാവുന്നതാണ്. പക്ഷേ, പിന്നിട്ട മാസത്തെ ഡ്യൂ തുക മുഴുവൻ ഡ്യൂ തിയതിക്കുള്ളിൽ അടച്ചുതീർത്തിട്ടില്ലാത്ത പക്ഷം ഫ്രീ ക്രെഡിറ്റ് കാലഘട്ടം നഷ്ടമാകുന്നതും പലിശ രഹിത കാലഘട്ടം ലഭിക്കില്ലാത്തതുമാകുന്നു. പണമായി പിൻവലിക്കുന്നതിന് ഇടപാട് നടക്കുന്ന ദിവസം മുതൽ പണം തിരിച്ചടയ്ക്കുന്ന ദിവസം വരെ പലിശ ഈടാക്കുന്നതുമാണ്.

E) **ബില്ലിങ്ങും സ്റ്റേറ്റ്മെന്റും**

i] **ബില്ലിംഗ് സ്റ്റേറ്റ്മെന്റ്: ആനുകാലികതയും അയയ്ക്കുന്ന മാധ്യമവും:** കാർഡിൽ ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകൾ നടന്നിട്ടുള്ള പക്ഷം/ 100 രൂപയിൽ കൂടുതലായുള്ള ഒരു തുക താങ്കളുടെ

കാർഡ് അക്കൌണ്ടിൽ കുടിശിക ഉള്ള പക്ഷം, ഓരോ മാസവും ബാങ്കിലെ രേഖകൾ പ്രകാരമുള്ള താങ്കളുടെ വിലാസത്തിലോ ഈ-മെയിലിലൊ ഒരു ഈ-സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽ സ്റ്റേറ്റ്മെന്റ് അയച്ചുതരുന്നതായിരിക്കും. സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ല എന്നത് ഈ എഗ്രീമെന്റ് പ്രകാരമുള്ള താങ്കളുടെ ഉത്തരവാദിത്തത്തെയും ബാധ്യതയെയും ഒരുതരത്തിലും ബാധിക്കുന്നതല്ല. താങ്കളുടെ ബിൽ തുക ഡ്യൂ തിയതിക്കുള്ളിൽ അടച്ചുതീർക്കാൻ താങ്കൾ ബാധ്യസ്ഥനാണ്.

ii] വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ ഡെബിറ്റുകളും മറ്റ് ചാർജുകളും താങ്കളുടെ കാർഡ് അക്കൌണ്ടിൽ ഡെബിറ്റ് ചെയ്യുന്നതും കാർഡ് ഉടമയും കാർഡ് ഉടമയ്ക്കുവേണ്ടിയും ബാങ്കിലേക്ക് നടത്തപ്പെടുന്ന എല്ലാ പേമെന്റുകളും കാർഡ് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നതുമാണ്.

iii] കാർഡ് ഉടമയ്ക്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മിനിമം ഡ്യൂ തുക (MAD) മാത്രം അടയ്ക്കുവാനുള്ള ഒരു റിവോൾവിങ് ക്രെഡിറ്റ് സൌകര്യം ബാങ്ക് നൽകിയേക്കാം. മുഴുവൻ ഡ്യൂ തുകയോ (TAD) മിനിമം ഡ്യൂ തുകയോ (MAD) സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡ്യൂ തിയതിക്കുള്ളിൽ അടയ്ക്കേണ്ടതാണ്.

iv] പേമെന്റ് ഡ്യൂ തിയതിക്കുള്ളിൽ MAD അടയ്ക്കാതിരിക്കുന്നത് നിങ്ങളുടെ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് (താൽകാലികമായോ സ്ഥിരമായോ) പിൻവലിക്കപ്പെടുകയോ വിലക്കപ്പെടുകയോ ചെയ്യപ്പെടാൻ സാധ്യതയുണ്ട്. ഇപ്രകാരം പണം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് ഫീസ് ചുമത്തപ്പെടുകയും ചെയ്യുന്നതാണ്. ബാങ്ക്, അതിൻറെ വിവേചനാധികാരം ഉപയോഗിച്ച് വാണിജ്യ സ്ഥാപനത്തോട് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് അംഗീകരിക്കാതിരിക്കാനും പ്രസ്തുത കാർഡ്, കാർഡ് അസോസിയേഷൻ സിസ്റ്റത്തിൽ ഹോട്ട്-ലിസ്റ്റ് ചെയ്ത് പിടിച്ചെടുക്കുവാനും ആവശ്യപ്പെട്ടേക്കാവുന്നതാണ്.
.

v] താങ്കൾക്ക് ഡ്യൂ തീയതിക്ക് മുൻപായി മിനിമം ഡ്യൂ തുകയെക്കാൾ കൂടുതൽ തുക ഒന്നിലേറെ തവണയോ കാർഡ് അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക മുഴുവനായോ അടയ്ക്കാവുന്നതാണ് .

vi] താങ്കളുടെ കാർഡ് അക്കൌണ്ടിലേക്കുള്ള തിരിച്ചടവുകൾ താഴെപ്പറയുന്ന മുൻഗണന ക്രമ പ്രകാരം വകയിരുത്തുന്നതാണ്: .

1. നികുതി ഉൾപ്പെടെയുള്ള ഫീസും മറ്റ് ചാർജ്ജുകളും
2. പലിശ
3. പണമായുള്ള പിൻവലിക്കലുകൾ
4. ഡയൽ-എ-ഡ്രാഫ്റ്റ്

5. ഇഎംഐ
6. ബാലൻസ് ട്രാൻസ്ഫർ
7. വാങ്ങലുകൾ

vii] താങ്കൾ നല്കിയിട്ടുള്ള ഏതെങ്കിലും തിരിച്ചടവ് നിർദേശം പിൽക്കാലത്ത് തിരസ്കരിക്കപ്പെടുകയാണെങ്കിൽ താങ്കളുടെ കാർഡുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ വിലക്കപ്പെടുകയോ നിർത്തലാക്കപ്പെടുകയോ ചെയ്യപ്പെടാവുന്നതും ബാങ്കിന്റെ വിവേചനാധികാരപ്രകാരം നിരക്ക് പട്ടികയിൽ കൊടുത്തിട്ടുള്ള പ്രകാരം താങ്കളുടെ കാർഡ് അക്കൌണ്ടിൽനിന്നും ഫീസ് ഈടാക്കപ്പെടുന്നതുമാണ്. ഉചിതമായ നിയമ നടപടികൾ സ്വീകരിക്കാനുള്ള അവകാശവും ബാങ്കിൽ നിക്ഷിപ്തമാണ്.

viii] നിരക്ക് പട്ടികയിൽ കൊടുത്തിട്ടുള്ള പ്രകാരമുള്ള തുക അടയ്ക്കുന്നതോടൊപ്പം താങ്കളുടെ ആവശ്യപ്രകാരം മാത്രമേ പ്രതിമാസ അക്കൌണ്ട് സ്റ്റേറ്റ്മെൻറിൻറെ പകർപ്പ് ലഭ്യമാക്കപ്പെടുകയുള്ളൂ. ഇതിനുള്ള നിരക്കുകളിൽ മാറ്റം വരുത്തുന്നത് ബാങ്കിന്റെ വിവേചനാധികാരത്തിലുള്ള കാര്യമാണ്.

ix] താങ്കളുടെ സ്റ്റേറ്റ്മെന്റുകൾ താങ്കളുടെ കൃത്യമായും സമയത്തും ലഭിക്കുന്നതിനായി മേൽവിലാസത്തിൽ / ഈ-മെയിൽ വിലാസത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്ന പക്ഷം ഉടനടി ബാങ്കുമായി ബന്ധപ്പെട്ട് അത് പുതുക്കേണ്ടതാണ് .

x] ബില്ലിങ്ങുമായി ബന്ധപ്പെട്ട തർക്കങ്ങൾ: ഏതെങ്കിലും വിധത്തിലുള്ള അപാകതകൾ ഉള്ള പക്ഷം മേൽപ്പടി അപാകതകളെപ്പറ്റി സ്റ്റേറ്റ്മെന്റ്/ സ്റ്റേറ്റ്മെന്റുകൾ പുറപ്പെടുവിച്ച ശേഷം 60 ദിവസങ്ങൾക്കുളിൽ കാർഡ് ഉടമ ബാങ്കിനെ അറിയിക്കാത്തപക്ഷം സ്റ്റേറ്റ്മെന്റിന്റെ ഉള്ളടക്കം ശരിയാണെന്ന് കണക്കാക്കപ്പെടുന്നതാണ്. മേൽപറഞ്ഞ അപാകതകൾ ന്യായമാണെന്ന് ബാങ്കിന് ബോധ്യമാകുന്ന പക്ഷം, അതെപ്പറ്റിയുള്ള അന്വേഷണങ്ങൾ ബാങ്കിന് തൃപ്തികരമാകുന്ന വിധത്തിൽ പൂർണമാകുന്നതുവരെ മേൽപ്പടി തുക താൽകാലികമായി തിരിച്ചിടുന്നതും മേൽപ്പടി അപാകതകളുടെ ഉത്തരവാദിത്തം കാർഡ് ഉടമയ്ക്കാണെന്ന് തുടർന്നുള്ള അന്വേഷണത്തിൽ തെളിയുന്ന പക്ഷം മേൽപ്പടി തുകകൾ തുടർന്നുവരുന്ന സ്റ്റേറ്റ്മെന്റിൽ കാർഡ് ഉടമയുടെ ബാധ്യതയിൽ ഉൾപ്പെടുത്തുന്നതും നിരക്ക് പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമുള്ള ഫീസുകൾ/ നിരക്കുകൾ ഈടാക്കപ്പെടുന്നതുമാണ്. .

xi] ഇഎംഐ സംവിധാനം ഉപയോഗപ്പെടുത്തുന്ന പക്ഷം ഒറിജിനൽ ഇടപാടുകളിൽ ലഭിച്ചിട്ടുള്ള റിവാർഡ് പോയിന്റുകൾ തിരിച്ചിടപ്പെടുന്നതാണ്. .

F) **ക്ലിയറിങ് ടേൺ എറൗണ്ട് ടൈം (**TAT**) ഉപയോഗിച്ച് പേമെന്റ് ചെയ്യുന്ന രീതി**

കാർഡ് അക്കൌണ്ടിലേക്കുള്ള തിരിച്ചടവുകൾ താഴെപ്പറയുന്നവയിൽ ഏതെങ്കിലും രീതിയിൽ നടത്താവുന്നതാണ്.

1. **ക്യാഷ്:** കാർഡ് പേയ്മെന്റിനായി കാർഡ് ഉടമ ഏതെങ്കിലും ആക്സിസ് ബാങ്ക് ശാഖകളിൽ പണം അടയ്ക്കാവുന്നതാണ്. ഇത്തരം തിരിച്ചടവുകൾക്ക് 100 രൂപ ക്യാഷ് ഇടപാട് ഫീസ് ആയി ചുമത്തപ്പെടുന്നതാണ്.
   ക്യാഷ് ഇടപാട് ക്ലിയർ ആകാനുള്ള **TAT -** അതേ ദിവസം. .

2. **ചെക്ക്/ ഡ്രാഫ്റ്റ്:** “ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് നം: XXXXXXXXXXXXXXXX” എന്ന പേരിൽ ഒരു ചെക്ക്/ ഡ്രാഫ്റ്റ് MINC കളക്ഷൻ ബോക്സിലോ / SKYFIN ബോക്സുകളിലോ ഇടുകയോ ആക്സിസ് ബാങ്ക് കൌണ്ടറിൽ ഏൽപ്പിക്കുകയോ ചെയ്യുക. ഔട്ട് സ്റ്റേഷൻ ചെക്കുകളും ഡ്രാഫ്റ്റുകളും, അതായത് നിർദിഷ്ട നഗരങ്ങൾ അല്ലാതെയുള്ള നഗരങ്ങളിൽ പേ ചെയ്യപ്പെടേണ്ട ചെക്കുകൾക്കും ഡ്രാഫ്റ്റുകൾക്കും (കാലാനുസൃതമായി ബാങ്ക് തീരുമാനിച്ചിട്ടുള്ള, ഇത്തരം നഗരങ്ങളുടെ പട്ടിക ആവശ്യാനുസരണം ലഭ്യമാണ്) പ്രോസസ്സിങ് ഫീസ് ചുമത്തപ്പെടാവുന്നതാണ്.
   ആക്സിസ് ബാങ്ക് ചെക്ക് ക്ലിയർ ആകാനുള്ള **TAT -** 1 പ്രവൃത്തി ദിവസം മറ്റ് ബാങ്കുകളുടെ ചെക്ക് ക്ലിയർ ആകാനുള്ള **TAT** വസൂലാകുന്നത് അനുസരിച്ച് 3 - 5 പ്രവൃത്തി ദിവസം. (ഔട്ട് സ്റ്റേഷൻ ചെക്കുകൾക്ക് കൂടുതൽ ദിവസങ്ങൾ വേണ്ടിവന്നേക്കാം. അത് സംബന്ധിച്ച് കൂടുതലറിയുവാൻ ബ്രാഞ്ചുമായി ബന്ധപ്പെടുക.)

3. **ബന്ധപ്പെടുത്തിയിട്ടുള്ള ആക്സിസ് ബാങ്ക് സേവിംഗ്സ് അക്കൌണ്ട് വഴിയുള്ള ഇന്റർനെറ്റ് പേമെന്റ്:**
   ആക്സിസ് ബാങ്ക് വെബ് സൈറ്റ് വഴിയായി കാർഡ് ഉടമയ്ക്ക് ഓൺ-ലൈൻ പേമെന്റ് ചെയാവുന്നതാണ്. www.axisbank.com ൽ ലോഗിൻ ചെയ്യുക.
   ക്ലിയർ ആകാനുള്ള **TAT -** 1 പ്രവൃത്തി ദിവസം.

4. **ഓട്ടോ ഡെബിറ്റ്:** കാർഡ് ഉടമയ്ക്ക് തന്റെ സേവിംഗ്സ് അക്കൌണ്ടിൽ നിന്നും കാർഡ് അക്കൌണ്ടിലേക്ക് അടയ്ക്കേണ്ട തുക പേമെന്റ് ഡ്യൂ തിയതിയിൽ നേരിട്ട് ഡെബിറ്റ് ചെയ്യാനുള്ള രേഖാമൂലം നൽകിയിട്ടുള്ള ഒരു നിർദേശം വഴി പണം അടയ്ക്കാവുന്നതാണ്. ഇപ്രകാരമുള്ള പേമെന്റ് ഡ്യൂ തീയതി വരുന്നത് ഞായറാഴ്ച ആകുന്ന പക്ഷം ടി തുക അടുത്ത പ്രവൃത്തി ദിവസം ഡെബിറ്റ് ചെയ്യപ്പെടുന്നതാണ്.
   ക്ലിയർ ആകാനുള്ള **TAT -** 1 പ്രവൃത്തി ദിവസം.

5. **ക്ലിക് ടു പേ/ എൻഇഎഫ്ടി / വിഎംടി**: നിങ്ങളുടെ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിലുള്ള ഡ്യൂ തുക മറ്റേതെങ്കിലും

സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ നിന്നും ക്ലിക് ടു പേ/ എൻഇഎഫ്ടി / വിഎംടി വഴി അടയ്ക്കാവുന്നതാണ്.
ക്ലിക് ടു പേ ക്ലിയറൻസിനുള്ള ടിഎടി –3 പ്രവൃത്തി ദിവസങ്ങൾ
എൻഇഎഫ്ടി ക്ലിയറൻസിനുള്ള ടിഎടി –1 പ്രവൃത്തി ദിവസം
വിഎംടി ക്ലിയറൻസിനുള്ള ടിഎടി: –2 പ്രവൃത്തി ദിവസങ്ങൾ.

6. **എടിഎം വഴിയുള്ള പേമെന്റ്:** നിങ്ങളുടെ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിലുള്ള ഡ്യൂ തുക ഏതെങ്കിലും ആക്സിസ് ബാങ്ക് എടിഎംൽനിന്നും ആക്സിസ് ബാങ്ക് ഡെബിറ്റ് കാർഡ് വഴി അടയ്ക്കാവുന്നതാണ്.
ക്ലിയറൻസിനുള്ള ടിഎടി –1 പ്രവൃത്തി ദിവസം

7. പണം അടയ്ക്കുന്നതിനുവേണ്ടി നിങ്ങളുടെ ക്രെഡിറ്റ് കാർഡ് അക്കൌണ്ടുകൾ നിങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിൽ റജിസ്റ്റർ ചെയ്യാവുന്നതാണ്. ആർക്കും, (സുഹൃത്തുക്കൾ/ സഹപ്രവർത്തകർ/ പങ്കാളി) ആരുടെ ക്രെഡിറ്റ് കാർഡിലേക്കുമുള്ള തിരിച്ചടവുകൾ ഈ സംവിധാനം വഴി അടയ്ക്കാവുന്നതാണ്.
ക്ലിയറൻസിനുള്ള ടിഎടി –അതേ ദിവസം

.

G) **ക്രെഡിറ്റ് കാർഡ് അംഗത്വം റദ്ദ്ചെയ്യൽ/ പിൻവലിക്കൽ/ പരിത്യജിക്കൽ:** കാർഡ് ഉടമയ്ക്ക് എപ്പോൾ വേണമെങ്കിലും മുൻകൂർ അറിയിപ്പ് നൽകിയോ നാൽകാതെയോ കാർഡ് അക്കൌണ്ട് റദ്ദ്ചെയ്യുവാനോ പരിത്യജിക്കുവാനോ അവകാശം ഉണ്ടായിരിക്കുന്നതാണ്. കാർഡ് ദുരുപയോഗം തടയുവാനായി ക്രെഡിറ്റ് കാർഡിനെ കാന്തിക സ്ട്രിപ്പും ഹോളോഗ്രാമും ശാശ്വതമായി നഷ്ടപ്പെടുന്ന വിധം നാല് കഷണങ്ങളായി മുറിച്ചു കളയുവാൻ നിർദേശിക്കുന്നു. കാർഡ് ഉടമയ്ക്ക് എപ്പോൾ വേണമെങ്കിലും കസ്റ്റമർ കെയറിലേക്ക് വിളിച്ച് പറഞ്ഞോ, കസ്റ്റമർ കെയറിലെ ഈ-മെയിൽ ഐഡി യിലേക്ക് പൂർണമായ കാർഡ് നമ്പർ സഹിതം കത്തയയ്ക്കുകയോ ചെയ്ത് കാർഡ് അംഗത്വം റദ്ദ് ചെയ്യാവുന്നതാണ്. മേൽപ്പടി കാർഡ് അക്കൌണ്ടിലേക്ക് അടയ്ക്കേണ്ട മുഴുവൻ തുകയും ആക്സിസ് ബാങ്കിൽ ലഭിച്ചു കഴിഞ്ഞു മാത്രമേ റദ്ദ് ചെയ്യൽ നിലവിൽ വരൂ. ഏതെങ്കിലും ക്രെഡിറ്റ് കാർഡ് പദ്ധതി നിറുത്തലാക്കുകയോ കാർഡ് പുതുക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ കാർഡ് ഉടമയുടെ പക്കൽ നിലവിലുള്ള കാർഡിൽ നിന്നും വ്യത്യസ്ഥമായ തരം കാർഡ് നൽകുന്നതിനുള്ള വിവേചന അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. ഏത് സമയത്തുമുള്ള ക്രെഡിറ്റ് പരിധിയും ക്യാഷ് പരിധിയും ആക്സിസ് ബാങ്കിന്റെ മാത്രം വിവേചനാധികാരത്തിൽപ്പെട്ടതായിരിക്കും. കാർഡിനുള്ള അപേക്ഷ കാർഡ് പുതുക്കുമ്പോഴും അക്കൌണ്ട് നിറുത്തലാക്കുമ്പോഴും സാധുവായിരിക്കും.

H) **കാർഡ് നഷ്ടമാകുക/ മോഷ്ടിക്കപ്പെടുക/ ദുരുപയോഗം ചെയ്യപ്പെടുക**:

കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ദുരുപയോഗം ചെയ്യപ്പെടുകയോ ഉണ്ടായാലോ, മറ്റാർക്കെങ്കിലും നിങ്ങളുടെ പിന്നോ മറ്റ് സുരക്ഷാ സംബന്ധിയായ കാര്യങ്ങളോ അറിയുകയോ നിങ്ങളുടെ അനുവാദം ഇല്ലാതെ കാർഡ് ഉപയോഗിക്കപ്പെടുകയോ ഉണ്ടായാൽ ഉടനെ തന്നെ ഫോൺ ചെയ്ത് ബാങ്കിനെ അറിയിക്കേണ്ടതാണ്. ഏറ്റവും അടുത്ത പോലീസ് സ്റ്റേഷനിൽ ഒരു എഫ്ഐആർ/ പോലീസ് കംപ്ലയിന്റ് ഫയൽ ചെയ്യേണ്ടതും അതിന്റെ പകർപ്പ് ബാങ്കിൽ സമർപ്പിക്കേണ്ടതുമാണ്. കാർഡ് ദുരുപയോഗം ചെയ്യപ്പെടുന്ന പക്ഷം ബാങ്കിനുള്ള ഉത്തരവാദിത്തം പോളിസി നിബന്ധനകൾ പ്രകാരം കാർഡ് നഷ്ടപ്പെട്ടാൽ ബാങ്കിനുള്ള ബാധ്യത തുക മാത്രമായിരിക്കും. എടിഎം / പിൻ / പാസ്സ് വേർഡ്/ ഓടിപി /എംപിൻ / സിവിവി അധിഷ്ഠിത ഇടപാടുകളിന്മേലുള്ള ഉത്തരവാദിത്തം കാർഡ് ഉടമയ്ക്ക് മാത്രമായിരിക്കും.

l) **പിൻ സുരക്ഷ സംബന്ധിച്ച അറിയിപ്പ്**:
കാർഡിനൊപ്പം ഉപയോഗിക്കുന്നതിനായി കാർഡ് ഉടമയ്ക്ക് നൽകിയിട്ടുള്ള വ്യക്തിഗത തിരിച്ചറിയൽ സംഖ്യ (പിൻ), അല്ലെങ്കിൽ കാർഡ് ഉടമ തെരഞ്ഞെടുത്തിട്ടുള്ള സംഖ്യ കാർഡ് ഉടമ മാത്രം അറിയേണ്ടതാണ്. അത് കാർഡ് ഉടമയുടെ സ്വകാര്യ ഉപയോഗത്തിന് മാത്രമുള്ളതും കൈമാറ്റം ചെയ്യപ്പെടരുതാത്തതും അങ്ങേയറ്റം രഹസ്യവും ആയിരിക്കണം. മറ്റൊരാൾക്ക് ഉപയോഗിക്കാനാവുന്ന വിധം പിൻ നമ്പർ ഒരിടത്തും എഴുതി വയ്ക്കരുതാത്തതുമാണ്. അറിഞ്ഞോ അറിയാതെയോ, ബാങ്ക് ജീവനക്കാരും വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരും ഉൾപ്പെടെയുള്ള മറ്റൊരാളോടും ഒരു സാഹചര്യത്തിലും പിൻ വെളിപ്പെടുത്തരുത്. കാർഡ് ഉടമയ്ക്ക് പിൻ നൽകുമ്പോൾ ബാങ്കും ആവശ്യ സുരക്ഷ ഉറപ്പുവരുത്തുന്നതാണ്.

**കാർഡുടമകൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ**
കാർഡിന്റെ തരം അനുസരിച്ച് കാർഡ് ഉടമകൾക്ക് താഴെപ്പറയുന്ന ഇൻഷ്വറൻസ് പരിരക്ഷകൾ ലഭ്യമാണ്. ലഭ്യമായ ഇൻഷ്വറൻസ് പരിരക്ഷകളെപ്പറ്റി അറിയുവാൻ വെൽകം ബുക്ക് ലെറ്റ് പരിശോധിയ്ക്കുക

**വ്യോമ അപകട പരിരക്ഷ**: അപകടം നടക്കുന്നതിന്റെ മുൻപുള്ള 90 ദിവസങ്ങളിൽ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഏതെങ്കിലും വാണിജ്യ സ്ഥാപനത്തിലോ അല്ലെങ്കിൽ എടിഎംൽ നിന്നും പണം പിൻവലിക്കുന്നതിനോ ഉപയോഗിച്ചിട്ടുള്ള സാഹചര്യത്തിലും വിമാന ടിക്കറ്റ് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വാങ്ങുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മാത്രമേ വ്യോമ അപകട പരിരക്ഷ ലഭിക്കുകയുള്ളൂ. ആക്സിസ് ബാങ്കുമായുള്ള എല്ലാ കുടിശ്ശികകളും അടച്ചുതീർത്തതിന് ശേഷം മാത്രമേ കാർഡ് ഉടമയുടെ നോമിനിക്ക് വ്യോമ അപകട ഇൻഷ്വറൻസ് പരിരക്ഷ പ്രകാരമുള്ള തുക ലഭിക്കുകയുള്ളൂ. കുശിശ്ശികയുള്ള

തുക ഇൻഷ്വറൻസ് തുകയിൽനിന്നും ഈടാക്കുവാനുള്ള പ്രാഥമിക അവകാശം ആക്സിസ് ബാങ്കിന് ഉണ്ടായിരിക്കുന്നതാണ്

**കാർഡ് നഷ്ടപ്പെട്ടാലുള്ള പൂജ്യം ബാധ്യത**: കാർഡ് നഷ്ടപ്പെട്ട വിവരം ബാങ്കിൽ അറിയിച്ച നിമിഷം മുതൽ 30 ദിവസം മുൻപുവരെ കാർഡിൽ നടത്തപ്പെടാവുന്ന വഞ്ചനാപരമായ ഇടപാടുകൾക്കെതിരെയുള്ള സംരക്ഷണവും കാർഡിൽ ലഭ്യമാണ്. എടിഎം/ പിൻ/ പാസ്സ് വേർഡ്/ ഓടിപി/ എംപിൻ/ സിവിവി അധിഷ്ഠിത ഇടപാടുകൾക്ക് ഈ സംരക്ഷണം ലഭ്യമല്ല.

**വാങ്ങലുകൾക്കുള്ള സംരക്ഷണം**: ക്രെഡിറ്റ് കാർഡിൽ വാങ്ങിയ വസ്തുക്കൾ 90 ദിവസങ്ങൾക്കുളളിൽ തീപ്പിടുത്തം മൂലമോ കൊള്ള മൂലമോ നഷ്ടപ്പെടുകയാണെങ്കിൽ അതിന് എഫ്ഐആർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. കസ്റ്റമറുടെ നിരുത്തരവാദിത്തം മൂലമുണ്ടാവുന്ന നഷ്ടങ്ങൾക്ക് സംരക്ഷണം ലഭിക്കുന്നതല്ല. ആഭരണങ്ങൾക്കും മറ്റ് നശ്വരമായ വസ്തുക്കൾക്കും സംരക്ഷണം ലഭ്യമല്ല.

**വില സംരക്ഷണം**: ഈ സംരക്ഷണം പ്രകാരം ഒരു വസ്തുവിന് ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡിൽ ചെലവാക്കിയ വിലയും അതിന് (ഒരേ ബ്രാൻഡ്, നിർമ്മിതി, മോഡൽ പേര്, മോഡൽ നമ്പർ അല്ലെങ്കിൽ ഇവ രണ്ടും) സ്ഥാപനത്തിൽ പരസ്യപ്പെടുത്തിയ കുറഞ്ഞ വിലയും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്ക് തിരികെ ലഭിക്കുന്നതാണ്. ഈ സംവിധാനം ആമസോൺ, ഫ്ലിപ്പ്കാർട്ട്, അതുപോലെയുള്ള വ്യവസ്ഥാപിതമായ ഓൺ-ലൈൻ സ്ഥാപനങ്ങളിൽ നിന്നുമുള്ള 2500/- രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് മാത്രം ബാധകമാണ്. ഇപ്രകാരം കുറവുള്ള വില അതേ ഈ-വാണിജ്യ സ്ഥാപനത്തിൽ ആയിരിക്കണം, പരസ്യപ്പെടുത്തിയ വില സാധനം വാങ്ങിയതിന്റെ 3 ദിവസങ്ങൾക്കുളളിൽ ഉള്ളതായിരിക്കണം, മാത്രമല്ല ഇത് സംബന്ധിച്ച അറിയിപ്പ് പരസ്യത്തിന്റെ 7 ദിവസങ്ങൾക്കുളളിൽ നൽകിയിട്ടുമുണ്ടാവണം. (ഇപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള വസ്തുക്കളെപ്പറ്റി അറിയുവാൻ ബാങ്കുമായി ബന്ധപ്പെടുക.)

**ക്രെഡിറ്റ് ഷീൽഡ്:** അപകടമരണം ഉണ്ടാകുന്ന സാഹചര്യത്തിൽ ഒരു നിശ്ചിത തുക വരെയുള്ള കുടിശ്ശിക സംരക്ഷിക്കപ്പെടുന്നു.

**ചെക്ക്-ഇൻ ബാഗ്ഗേജ് വൈകുക**: രാജ്യത്തിന് പുറത്തു സഞ്ചരിക്കുമ്പോൾ ബാഗ്ഗേജ് 6 മണിക്കൂറിലേറെ വൈകുകയാണെങ്കിൽ അത്യാവശ്യ സാധനങ്ങൾക്കുള്ള ചിലവ് നിങ്ങൾക്ക് തിരികെ തരുന്നു. ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വാങ്ങിയിട്ടുള്ള വിമാന ടിക്കറ്റുകൾക്ക് മാത്രം ബാധകം. ചെക്ക്ഡ്-ഇൻ ബാഗ്ഗേജ് എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള വ്യക്തി താൻ സഞ്ചരിക്കുന്ന അതേ മാർഗത്തിൽ കൊണ്ടുപോകുന്നതിനായി ഒരു അന്താരാഷ്ട്ര വിമാന

കമ്പനിക്ക് / ഇൻഡ്യക്കു പുറത്തുള്ള ഒരു വാഹകന് കൈമാറുകയും അവർ അത് ഏറ്റെടുക്കുകയും അതിന് ഒരു ബാഗ്ഗേജ് കൈപ്പറ്റ് രസീത് നൽകുകയും ചെയ്തിട്ടുള്ളതാണ് എന്നാണ്.

**ചെക്ക്-ഇൻ ബാഗ്ഗേജ് നഷ്ടപ്പെടുക:** രാജ്യത്തിന് പുറത്തു സഞ്ചരിക്കുമ്പോൾ ബാഗ്ഗേജ് നഷ്ടപ്പെടുകയാണെങ്കിലോ ബാഗ്ഗേജ് കേടുവരികയോ ചെയ്താലുള്ള നഷ്ടം പരിഹരിക്കുന്നു. ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വാങ്ങിയിട്ടുള്ള വിമാന ടിക്കറ്റുകൾക്ക് മാത്രം ബാധകം. ചെക്ക്ഡ്-ഇൻ ബാഗ്ഗേജ് എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള വ്യക്തി താൻ സഞ്ചരിക്കുന്ന അതേ മാർഗത്തിൽ കൊണ്ടുപോകുന്നതിനായി ഒരു അന്താരാഷ്ട്ര വിമാന കമ്പനിക്ക് / ഇൻഡ്യക്കു പുറത്തുള്ള ഒരു വാഹകന് കൈമാറുകയും അവർ അത് ഏറ്റെടുക്കുകയും അതിന് ഒരു ബാഗ്ഗേജ് കൈപ്പറ്റ് രസീത് നൽകുകയും ചെയ്തിട്ടുള്ളതാണ് എന്നാണ്.

**യാത്രാ രേഖകൾ നഷ്ടപ്പെടുക**: രാജ്യത്തിന് പുറത്തു സഞ്ചരിക്കുമ്പോൾ നഷ്ടപ്പെട്ട പാസ്പോർട്ട്, മറ്റ് യാത്രാ രേഖകൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ് (നഷ്ടപ്പെട്ട പാസ്പോർട്ടിനുള്ള അപേക്ഷാ ഫീസ് ഉൾപ്പെടെ) പരിഹരിക്കുന്നു. ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വാങ്ങിയിട്ടുള്ള വിമാന ടിക്കറ്റുകൾക്ക് മാത്രം ബാധകം

K) **വീഴ്ച/ കുടിശ്ശിക വരുത്തുക**

1) തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം, അതായത്, ഡ്യൂ തീയതിക്ക് മുൻപായി അടയ്ക്കേണ്ട മിനിമം ഡ്യൂ തുകയെങ്കിലും അടയ്ക്കാതിരിക്കുകയോ കാർഡ് അംഗത്വ ഉടമ്പടിയിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുന്ന പക്ഷം കാർഡ് ഉടമയ്ക്ക് സമയാസമയങ്ങളിൽ തപാൽ, ഫാക്സ്, ടെലിഫോൺ, ഈ-മെയിൽ, എസ്എംഎസ് സന്ദേശങ്ങൾ, എന്നിവ വഴിയും അത്തോടോപ്പം കുടിശ്ശിക ഈടാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള മറ്റ് മൂന്നാമൻമാർ വഴിയും അറിയിപ്പുകൾ നൽകുന്നതായിരിക്കും. അപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള മൂന്നാമൻമാർ കുടിശ്ശിക നിവരണത്തിന് ഇൻഡ്യൻ ബാങ്കിങ് അസ്സോസിയേഷൻ (IBA) നിർദേശ്ശിച്ചിട്ടുള്ള പെരുമാറ്റച്ചട്ടങ്ങൾ പാലിക്കുന്നതായിരിക്കും.

2) കാർഡ് ഉടമ ഇപ്രകാരം വീഴ്ച വരുത്തുന്ന പക്ഷം, ബാങ്ക് തങ്ങളിൽ നിക്ഷിപ്തമായ വിവേചനാധികാരം ഉപയോഗിച്ച്
   a. കാർഡ് ഉടമയ്ക്ക് നൽകിയിട്ടുള്ള എല്ലാ ക്രെഡിറ്റ് സൌകര്യങ്ങളും പിൻവലിക്കുവാനും
   b. തന്റെ കാർഡിലുള്ള കുടിശ്ശിക മുഴുവനും അടിയന്തിരമായി തിരിച്ചടയ്ക്കാൻ കാർഡ് ഉടമയോട് ആവശ്യപ്പെടാനും

c. കാർഡിലുള്ള കുടിശ്ശിക മുഴുവനും കാർഡ് ഉടമയ്ക്ക് ബാങ്കിൽ തന്റെ പേരിൽ ഉള്ള നിക്ഷേപങ്ങൾ/ പണം/ മറ്റ് അക്കൌണ്ടുകൾ എന്നിവയിൽനിന്നും വകയിരുത്തുക എന്നീ നടപടികൾ സ്വീകരിക്കാവുന്നതാണ്.

.

3) ഇപ്രകാരം വീഴ്ച ഉണ്ടാകുന്ന പക്ഷം ബാങ്കിന് ക്രെഡിറ്റ് ഇൻഫൊർമേഷൻ ബ്യൂറോകൾക്കും നിയമപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള മറ്റ് പ്രസ്ഥാനങ്ങൾക്കൊ ഇത് സംബന്ധിച്ച റിപോർട്ട് നൽകാവുന്നതാണ്. കാർഡിൽ കൊടുത്തിട്ടുള്ള ബില്ലിംഗ് തീയതിക്കും ഡ്യൂ തീയതിക്കും ഇടയിലുള്ള സമയം കാർഡ് ഉടമയെ അപ്രകാരം കുടിശ്ശികക്കാരൻ ആയി പ്രഖ്യാപിക്കുവാനുള്ള നോട്ടിസ് പിരീഡ് ആയി കണക്കാക്കാവുന്നതാണ്.

4) കുടിശ്ശിക റിപോർട്ട് പിൻവലിക്കുവാനുള്ള പ്രക്രിയയും കുടിശ്ശിക നിവരണത്തിന് ശേഷം കുടിശ്ശിക റിപോർട്ട് പിൻവലിക്കുവാനുള്ള സമയക്രമവും:

*ബാങ്ക്, കാർഡ് ഉടമകളെ സംബന്ധിച്ച വിവരങ്ങൾ നിർദേശിച്ചിട്ടുള്ള ഫോർമാറ്റിൽ സിബിൽ - ക്രെഡിറ്റ് ഇൻഫൊർമേഷൻ ബ്യൂറോ (ഇൻഡ്യ) ലിമിറ്റഡിന് നല്കുന്നു. ഇതിൽ എല്ലാ കാർഡ് ഉടമകളുടെയും, നിലവിലുള്ളവരുടെയും വീഴ്ച വരുത്തിയിട്ടുള്ളവരുടെയും പിന്നിട്ട മാസത്തെ വിവരങ്ങൾ ഉൾപ്പെടുന്നു. സിബിൽ ഇപ്രകാരം ലഭിച്ച വിവരങ്ങൾ അടുത്ത 30 ദിവസങ്ങൾക്കുള്ളിൽ തങ്ങളുടെ സെർവറിൽ അപ്പ് ലോഡ് ചെയ്യുന്നു.

5). കാർഡ് ഉടമയ്ക്ക് മരണം / സ്ഥിരമായ അംഗഭംഗം സംഭവിക്കുന്ന സാഹചര്യത്തിൽ കുടിശ്ശിക സമാഹരണം: ഇത്തരം സാഹചര്യങ്ങളിൽ മുഴുവൻ കുടിശ്ശികയും (ബില്ല് ചെയ്യപ്പെടാത്ത ഇടപാടുകൾ ഉൾപ്പെടെ) ആക്സിസ് ബാങ്കിലേക്ക് ഉടനടി അടച്ചു തീർക്കേണ്ടതാണ്. കാർഡ് ഉടമയുടെ സ്ഥാവര-ജംഗമ വസ്തുക്കളിൽ നിന്നും നീക്കിയിരുപ്പ് തുക ഈടാക്കാൻ ആക്സിസ് ബാങ്കിന് അവകാശമുണ്ടായിരിക്കുന്നതാണ്. കാർഡിലുള്ള കുടിശ്ശിക മുഴുവൻ കാർഡ് ഉടമയ്ക്ക് ബാങ്കിൽ തന്റെ പേരിൽ ഉള്ള നിക്ഷേപങ്ങൾ/ പണം/ മറ്റ് അക്കൌണ്ടുകൾ എന്നിവയിൽനിന്നും ഈടാക്കുവാനും ബാങ്കിന് അവകാശമുണ്ടായിരിക്കുന്നതാണ്.

L) **വെളിപ്പെടുത്തൽ**

RBI അധികാരപ്പെടുത്തിയിട്ടുള്ള ക്രെഡിറ്റ് ബ്യൂറോകളുമായി ആക്സിസ് ബാങ്ക് ബന്ധം സ്ഥാപിക്കുകയും താങ്കളുടെ നിലവിലുള്ള ബാക്കി, തിരിച്ചടവ് ചരിത്രം, സ്ഥാനീയ വിവരങ്ങൾ, ഉൾപ്പെടെയുള്ള ക്രെഡിറ്റ് സംബന്ധിച്ച വിവരങ്ങളും മറ്റ് വിവരങ്ങളും പങ്കുവയ്ക്കുന്നതുമായിരിക്കും. ക്രെഡിറ്റ് കൊടുക്കണമോ വേണ്ടയോ എന്നതിനെസംബന്ധിച്ച് ക്രെഡിറ്റ് ബ്യൂറോകൾ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായങ്ങൾ

നൽകുന്നതല്ല. അത്യാവശ്യമായ തിരിച്ചടവുകൾ അതതു സമയത്ത് നടത്തി ഒരു നല്ല ക്രെഡിറ്റ് ചരിത്രം നിലനിർത്തിക്കൊണ്ടുപോകേണ്ടത് നിങ്ങളുടെ താൽപര്യാർഥമാണ്. ക്രെഡിറ്റ് ബ്യൂറോകൾ ഉള്ളതുകൊണ്ട് ഉത്തരവാദിത്തമുള്ള ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് ദാതാക്കളിൽനിന്നും കൂടുതൽ വേഗത്തിലുള്ള, മെച്ചപ്പെട്ട സേവനങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. ഉപഭോക്താക്കൾ കുടിശ്ശിക വരുത്തുന്ന വിവരം ക്രെഡിറ്റ് ബ്യൂറോകൾ വഴി ലഭ്യമാകുന്നതും അത് നിങ്ങളുടെ ഭാവിയിലെ ക്രെഡിറ്റ് ആവശ്യങ്ങളെ ബാധിക്കാവുന്നതുമാണ്. ആക്സിസ് ബാങ്ക് ഓരോ മാസവുമോ ക്രെഡിറ്റ് ബ്യൂറോകളുമായി ഏർപ്പെട്ടിട്ടുള്ള ഉടമ്പടി പ്രകാരം മറ്റ് സമയക്രമ പ്രകാരമോ ഉപഭോക്താകളെ സംബന്ധിച്ച വിവരങ്ങൾ ക്രെഡിറ്റ് ബ്യൂറോകളുമായി പങ്കുവയ്ക്കുന്നതായിരിക്കും. ബില്ലിംഗിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉള്ളതായി ബാങ്കിനെ അറിയിച്ചിട്ടുണ്ടെകിൽ അത് സംബന്ധിച്ച പരിഹാരം ഉണ്ടാകുന്നതുവരെ ക്രെഡിറ്റ് ബ്യൂറോകൾക്ക് റിപോർട്ട് നൽകുന്നത് താൽക്കാലികമായി തടയുന്നതായിരിക്കും.

കാർഡ് ഉടമയും ആഡ്-ഓൺ കാർഡ് ഉടമ/ ഉടമകളുമായും ബന്ധപ്പെട്ട വിവരങ്ങളും അവരുടെ കടമകളും ഉത്തരവാദിത്തങ്ങളും നടപ്പിലാക്കുന്നത് സംബന്ധിച്ച വീഴ്ചകളും സംബന്ധിച്ച വിവരങ്ങളും ആക്സിസ് ബാങ്കിന് ഉചിതവും ആവശ്യവുമായ രീതിയിൽ നിലവിലുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ ക്രെഡിറ്റ് ബ്യൂറോകളുമായി ആക്സിസ് ബാങ്കിന് സമയാസമയങ്ങളിൽ പങ്കുവയ്കാവുന്നതുമാണെന്ന് കാർഡ് ഉടമ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു. അതുപ്രകാരം ആഡ്-ഓൺ കാർഡ് ഉടമകളും തങ്ങളെ സംബന്ധിച്ച വിവരങ്ങൾ ക്രെഡിറ്റ് ബ്യൂറോകളുമായി പങ്കുവയ്ക്കുന്നതിന് സമ്മതിച്ചുകൊള്ളുന്നു. അപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ഈ വിവരങ്ങൾ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് ക്രെഡിറ്റ് ദാതാക്കൾ എന്നിവർക്ക് ലഭ്യമാക്കാവുന്നതാണ്. ക്രെഡിറ്റ് ബ്യൂറോകൾ, ക്രെഡിറ്റ് റെഫറൻസ് ഏജൻസികൾ, ക്രെഡിറ്റ് ഇൻഫൊർമേഷൻ കമ്പനികൾ, അതുപോലെ ഉപഭോക്താക്കളെ സംബന്ധിച്ച ക്രെഡിറ്റ് വിവരങ്ങൾ ശേഖരിക്കുവാനും വിതരണം ചെയ്യുവാനും RBI അംഗീകാരപ്രകാരം രൂപീകൃതമായ മറ്റ് സ്ഥാപനങ്ങളും ക്രെഡിറ്റ് ബ്യൂറോകളിൽ ഉൾപ്പെടുന്നു.

ഏതെങ്കിലും തരത്തിലുള്ള ഡയറക്ട് മാർകറ്റിങ്/ ടെലികോളിങ്/ ടെലിസെയിൽസ് കോളുകൾ ആക്സിസ് ബാങ്കിൽ നിന്നോ അവരുമായി ബന്ധപ്പെട്ട ഉപസ്ഥാപനങ്ങളിൽ നിന്നോ ഏജന്റുമാരിൽ നിന്നോ സ്വീകരിക്കുവാൻ കാർഡ് ഉടമ താല്പര്യപ്പെടുന്നില്ലെങ്കിൽ TRAI യുടെ വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള "പ്രൊവൈഡർ കസ്റ്റമർ പ്രെഫെറൻസ് രജിസ്റ്ററിൽ" രജിസ്റ്റർ ചെയ്ത് ഇതിൽ നിന്നും ഒഴിവാകാവുന്നതാണ്.

ആക്സിസ് ബാങ്ക്, ബാങ്കിങ് കോഡ്സ് & സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇൻഡ്യ (BCSBI) യിൽ അംഗമാണ്. BCSBI പ്രകാരമുള്ള ഞങ്ങളുടെ ഉത്തരവാദിതങ്ങളെപ്പറ്റി കൂടുതൽ അറിയാൻ ഞങ്ങളുടെ വെബ് സൈറ്റിന്റെ ഹോം പേജ് സന്ദർശിക്കുക..

**M ) മധ്യസ്ഥ ഉപാധികൾ:**

ഈ ഉടമ്പടി പ്രകാരം ഉണ്ടായേക്കാവുന്ന എല്ലാ തർക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ക്ലെയിമുകളും പ്രശ്നങ്ങളും അല്ലെങ്കിൽ ഇതിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഉള്ള നിർമിതികൾ, വ്യാഖ്യാനങ്ങൾ, അനന്തര ഫലങ്ങൾ, അതെത്തുടർന്ന് കക്ഷികൾക്കുണ്ടാകുന്ന കടമകൾ, ഉത്തരവാദിത്തങ്ങൾ തുടങ്ങിയവ അർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ട് 1996 ലെ വകുപ്പുകൾ പ്രകാരമോ അതിൽ വന്നിട്ടുള്ള ചട്ടപ്രകാരമുള്ള ഭേദഗതികൾ പ്രകാരമോ മധ്യസ്ഥതയിലൂടെ ബാങ്ക് / പണമിടപാടുകാരൻ നാമനിർദേശം ചെയ്യുന്ന ഒരു ഏകാംഗ മധ്യസ്ഥൻ ഇടപെട്ട് പരിഹരിക്കുന്നതും അപ്രകാരം നാമനിർദേശം ചെയ്യപ്പെട്ട മധ്യസ്ഥന് മരണം സംഭവിക്കുകയോ അദ്ദേഹം വിസമ്മതം പ്രകടിപ്പിക്കുകയോ നിരസിക്കുകയോ ഉപേക്ഷിക്കുകയോ അദ്ദേഹത്തിന് മധ്യസ്ഥത വഹിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുകയോ ചെയ്യുന്ന പക്ഷം ബാങ്ക്/ പണമിടപാടുകാരൻ മറ്റൊരു മധ്യസ്ഥനെ ഏകാംഗ മധ്യസ്ഥൻ ആയി നിയമിക്കുകയും ചെയ്യുന്നതായിരിക്കും. മധ്യസ്ഥൻ തൻറെ വിധിന്യായത്തിന് എന്തെങ്കിലും തരത്തിലുള്ള ന്യായീകരണം നൽകേണ്ടതില്ലാത്തതും അപ്രകാരമുള്ള വിധിന്യായം അന്തിമവും ബന്ധപ്പെട്ട കക്ഷികളിൽ എല്ലാവരിലും ബാധകവും ആയിരിക്കുന്നതുമാവും. മധ്യസ്ഥത പ്രക്രിയ മുംബൈയിൽ മാത്രം നടത്തുന്നതുമായിരിക്കും.

N) **വിലക്ക് ഉപാധികൾ:**
അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇന്റർനെറ്റിലോ അല്ലാതെയോ ലോട്ടറി ടിക്കറ്റുകൾ, നിരോധിക്കപ്പെട്ട പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ, വിലക്കപ്പെട്ട സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും ചൂതാട്ടം, കോൾ-ബാക്ക് സേവനങ്ങൾക്കുള്ള പേമെന്റ്, തുടങ്ങിയ വിദേശ നാണ്യം പിൻവലിക്കുന്നത് അനുവദിച്ചിട്ടില്ലാത്ത കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതല്ല.

O) FEMA (**വിദേശ നാണയ നിയന്ത്രണ ചട്ടം**.)

i) കാർഡുകൾ ഇൻഡ്യക്കു പുറത്തുള്ള വിനിമയത്തിന് ഉപയോഗിക്കുന്നത് RBIയുടെ വിനിമയ നിയന്ത്രണ വ്യവസ്ഥകൾ പ്രകാരവും വിദേശ നാണയ നിയന്ത്രണ ചട്ടം 1999 പ്രകാരവുമായിരിക്കണം. അപ്രകാരമല്ലാത്തപക്ഷം താങ്കൾ നിയമ നടപടികൾക്ക് വിധേയനായേക്കാം.

ii) എലെക്ട്രോണിക് / ഇന്റർനെറ്റ് മാധ്യമത്തിലൂടെയുള്ള വിദേശനാണയ വ്യാപാരത്തിനായി വിദേശത്തുള്ള വ്യാപാര പോർടലുകളിലേക്ക് നേരിട്ടോ അല്ലാതെയോ പണം അടയ്ക്കുന്നതിന് ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുവാൻ പാടില്ല. ഇവ നിയമപ്രകാരം നിരോധിച്ചിട്ടുള്ളതാണ്. കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ വെബ് സൈറ്റ് സന്ദർശിക്കുക.

iii) കാർഡുകൾ ഇന്ത്യയിലും വിദേശത്തും ഉപയോഗത്തിന് സാധുവാണ്. എന്നിരുന്നാലും നേപ്പാളിലും ഭൂട്ടാനിലും വിദേശനനയത്തിൽ വിനിമയം ചെയ്യുന്നതിന് സാധുവല്ല.

iv) എൻആർഐ ഉപഭോക്താക്കൾ നിർബന്ധമായും ആക്സിസ് ബാങ്ക് എൻആർഇ അക്കൌണ്ടിലൂടെ ഓട്ടോ പേ സംവിധാനം വഴി മാത്രം 100% പെയ്മെന്റും നടത്തേണ്ടതാണ്.

v) എൻആർഐ ഉപഭോക്താക്കളിൽനിന്നും ക്യാഷ് പേമെന്റ് സ്വീകരിക്കുന്നതല്ല.

P) **കാർഡ് അക്കൌണ്ടിൽ നിന്നും അനധികൃത എലെക്ട്രോണിക് ബാങ്കിങ് ഇടപാടുകൾ**:

1) സാധുവായ മൊബൈൽ നമ്പർ ബാങ്കിന് ലഭ്യമാക്കിയിട്ടില്ലാത്ത ഉപഭോക്താക്കൾക്ക് എടിഎം വഴി പണം പിൻവലിക്കുന്നതല്ലാതെയുള്ള എലെക്ട്രോണിക് ഇടപാടുകൾ നടത്തുവാനുള്ള സംവിധാനം ബാങ്ക് നൽകുന്നതല്ല.

2) ഉപഭോക്താവിന് ലഭിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ്/ രേഖകളിലുള്ള ഇടപാടുകളിൽ/ നീക്കിയിരിപ്പിൽ ഏതെങ്കിലും വിധത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം അത് ഏഴ് (7) ദിവസങ്ങൾക്കുള്ളിൽ ലിഖിത രൂപത്തിൽ ബാങ്കിനെ അറിയിക്കേണ്ടതാണ്.

3) ഇതിന് വിരുദ്ധമായി, ഏഴ് (7) പ്രവൃത്തി ദിവസങ്ങൾക്ക് ശേഷം ഇത്തരം അറിയിപ്പുകൾ ബാങ്കിൽ ലഭിക്കുകയാണെങ്കിൽ, ബാങ്ക് വെബ് സൈറ്റിൽ ലഭ്യമായ ബാങ്ക് ബോർഡിന്റെ അംഗീകൃത നയപ്രകാരം ഉപഭോക്താവിന്റെ ബാധ്യത നിശ്ചയിക്കുന്നതായിരിക്കും.

4) എലെക്ട്രോണിക് രൂപത്തിലും രേഖാമൂലവും ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള, ഇതുപ്രകാരമുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും തുടർച്ചയായി താങ്കൾ ബാങ്കിന് നല്കിയിട്ടുള്ള നിർദേശങ്ങളും മറ്റ് വിവരങ്ങളും (നടത്തിയിട്ടുള്ള / സ്വീകരിച്ചിട്ടുള്ള പേമെന്റുകളും ഉൾപ്പെടെ), താങ്കൾക്കെതിരായ അപ്രകാരമുള്ള നിർദേശങ്ങളുടെയും മറ്റ് വിവരങ്ങളുടെയും നിർണായക രേഖയായി കണക്കാക്കപ്പെടുന്നതാണ്.

5) താങ്കളുടെ അക്കൌണ്ടുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ഇടപാടുകളെ സംബന്ധിച്ചോ അവ രേഖപ്പെടുത്തിയ സമയം സംബന്ധിച്ചോ മേൽപ്പടി അക്കൌണ്ടിനെ സംബന്ധിച്ചുള്ള മറ്റെന്തെങ്കിലും കാര്യങ്ങളെ സംബന്ധിച്ചോ എന്തെങ്കിലും തർക്കങ്ങൾ

ഉണ്ടാകുന്ന പക്ഷം, അത്തരം ഇടപാടുകളുടെ സമയവും ആധികാരികതയും നിർണയിക്കുന്നതിനുള്ള അവകാശം ബാങ്കിന് ഉണ്ടായിരിക്കുന്നതും, അപ്രകാരം നടത്തപ്പെട്ട അനധികൃത ഇടപാടുകൾ താങ്കളുടെ അറിവോടെയല്ലാത്തതാണോ എന്നും മൂന്നാം കക്ഷിയുടെ വഞ്ചനാപരമായ ഇടപെടലുകൾ മൂലം ഉണ്ടായതാണോ എന്നതും സംബന്ധിച്ച വിശകലനം ആർബിഐ യുടെ "ഉപഭോക്തൃ സംരക്ഷണം- അനധികൃത എലെക്ട്രോണിക് ഇടപാടുകളിൽ ഉപഭോക്താവിനുള്ള നിയന്ത്രിത ബാധ്യത" സംബന്ധിച്ചുള്ള പരിപത്രത്തിലെ മാർഗനിർദേശങ്ങൾ പ്രകാരം നടത്തപ്പെടുന്നതുമായിരിക്കും. ഈ മാർഗനിർദേശങ്ങളിൽ കാലാനുസൃതമായി വരുന്ന മാറ്റങ്ങൾ തൽസമയം മുതൽ ബാധകമാവുന്നതും നിർബന്ധിതമാകുന്നതുമായിരിക്കും

6) കസ്റ്റമർ കെയറിനും ഉപഭോക്തൃ പ്രശ്ന പരിഹാരത്തിനായി ബന്ധപ്പെടേണ്ട വിശദ വിവരങ്ങൾക്കും ദയവായി ഞങ്ങളുടെ വെബ് സൈറ്റിൽ www.axisbank.com/support പരിശോധിയ്ക്കുക.

Q) സുരക്ഷിതമാക്കപ്പെട്ട ക്രെഡിറ്റ് കാർഡുകൾ

1) സുരക്ഷിതമാക്കപ്പെട്ട ക്രെഡിറ്റ് കാർഡുകളിലെ സംപൂർണ്ണ കുടിശ്ശികയ്ക്കും ഉപഭോതാവ് അതിലേക്ക് അടയ്ക്കേണ്ട എല്ലാ തുകകൾക്കും ബാങ്ക് അനുവദിച്ചിട്ടുള്ള മറ്റു സൌകര്യങ്ങൾക്കുമുള്ള തുടർ ജാമ്യമായി ബാങ്കിൽ നല്കിയിട്ടുള്ള ഫിക്സ്ഡ് ഡെപ്പോസിറ്റ് വർത്തിക്കുന്നതായിരിക്കും.

2) തിരിച്ചടവിൽ വീഴ്ച വരുന്നപക്ഷമോ ക്രെഡിറ്റ് സൌകര്യമോ മറ്റു സൌകര്യങ്ങളോ ബാങ്ക് ആവശ്യപ്പെടുന്ന പക്ഷം തിരിച്ചടയ്ക്കത്തിരിക്കുന്ന സാഹചര്യത്തിൽ ബാങ്കിന് അനുയോജ്യമെന്ന് തീരുമാനിക്കാവുന്ന രീതിയിൽ കാലാവധിക്ക് മുൻപ് തന്നെ ഫിക്സ്ഡ്/ ടേം ഡെപ്പോസിറ്റ് എൻക്യാഷ് ചെയ്യുകയോ അപ്രകാരം വകയിരുത്തുകയോ ചെയ്യാവുന്നതും ആ തുക ഉപഭോക്താവിന്റെ ബാങ്കിലോ മറ്റേതെങ്കിലും ബാങ്ക് ശാഖയിലെ അക്കൌണ്ടിലുള്ള ബാധ്യതകൾ നിർവഹിക്കുന്നതിനോ വകയിരുത്താവുന്നതുമാണ്.

3) ബാങ്കിന് അതിന്റെ വിവേചനാധികാരം ഉപയോഗിച്ച് ഉപഭോക്താവിന്റെ അർഹത നിർണയിച്ച് സുരക്ഷിതമാക്കപ്പെട്ട ക്രെഡിറ്റ് കാർഡുകളുമായി ബന്ധിച്ചിട്ടുള്ള ഫിക്സ്ഡ് ഡെപ്പോസിറ്റിലെ അവകാശം പിൻവലിക്കാനുള്ള അവകാശമുണ്ടായിരിക്കുന്നതായിരിക്കും.

**ബാധ്യതാ നിരാകരണം:**

ബാങ്കൊ അതിന്റെ ജീവനക്കാരോ പ്രതിനിധികളോ ഉടമ്പടി ഏറ്റെടുത്തിട്ടുള്ളവരോ ഏതെങ്കിലും വ്യക്തിയോ ബാങ്കിലേക്ക് നല്കിയിട്ടുള്ള ഏതെങ്കിലും ആഭ്യർഥന സ്വീകരിക്കുന്നതിലോ അതിൽ നടപടി സ്വീകരിക്കുന്നതിലോ അതിലുള്ള പ്രതികരണം അറിയിക്കുന്നതിലോ ഉണ്ടായേക്കാവുന്ന വീഴ്ച, കാലതാമസം, തടസ്സം,

തടസ്സപ്പെടൽ, നിയന്ത്രണം, അറിയിപ്പുകളോ സന്ദേശങ്ങളോ അറിയിക്കുന്നതിൽ വിനിമയ ഉപകരണത്തിനോ മാധ്യമത്തിനൊ ഉപഭോക്താവിന്റെയോ സേവനദാതാവിന്റെയോ ആ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ഏതെങ്കിലും മൂന്നാം കക്ഷിയുടെയോ ബാങ്കിന്റെയോ നെറ്റ് വർക്കിനോ ഉപകരണങ്ങൾക്കൊ ഉണ്ടായേക്കാവുന്ന ഏതെങ്കിലും വിധത്തിലുള്ള തകരാറുകൾ, ഏതെങ്കിലും വിധത്തിൽ നേരിട്ടോ അല്ലാതെയോ പരിണിതഫലമായോ ഉള്ള, മുൻകൂട്ടി കണ്ടതോ അല്ലാത്തതോ ആയ ഏതെങ്കിലും വിധത്തിലുള്ള ലാഭം, സാമ്പത്തിക നേട്ടം, വ്യാപാരം, ഉടമ്പടികൾ, പ്രതീക്ഷിച്ച ലാഭം, സൽകീർത്തി, സോഫ്ട് വെയർ ഉൾപ്പെടെയുള്ള ഏന്തെങ്കിലും ഉപകരണത്തിന്റെ മൂല്യത്തിനോ ഉപയോഗക്ഷമതയ്ക്കോ നഷ്ടത്തിനോ നേരിട്ടോ അല്ലാതെയോ മറ്റുവിധത്തിലോ ബാധ്യസ്ഥരായിരിക്കില്ല. ആക്സിസ് ബാങ്കിന് അവരുടെ വിവേചനാധികാരപ്രകാരം തങ്ങളുടെ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് മറ്റു സേവനദാതാക്കളുടെയോ പ്രതിനിധികളുടെയോ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

• അപേക്ഷയുടെ സ്ഥിതി ആക്സിസ് ബാങ്ക് 21 പ്രവൃത്തി ദിവസങ്ങൾക്കുളിൽ അറിയിക്കുന്നതായിരിക്കും.

• ഏതെങ്കിലും തരത്തിലുള്ള ഇടപാടുകൾക്കൊ സമ്മാനങ്ങൾ, വൌച്ചറുകൾ, റിവാർഡ് പോയിന്റുകൾ റിഡീം ചെയ്യുന്നതിനോ കാർഡ് പ്രവർത്തനക്ഷമം ആക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ആക്സിസ് ബാങ്ക് കാർഡ് സിവിവി യോ ഓടിപി യോ പിന്നോ ഇന്റർനെറ്റ് പാസ്സ് വേർഡോ ആവശ്യപ്പെടുന്നതല്ല. ഫോണിലോ ഈ-മെയിലിലോ ഉള്ള ഇത്തരം ആവശ്യങ്ങൾ ദയവായി അവഗണിക്കുക. ഏതെങ്കിലും തരത്തിലുള്ള കത്തിടപാടുകൾക്ക് മുൻപായി ആക്സിസ് ബാങ്കിന്റെ സമ്പർക്ക നമ്പറുകൾ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഉറപ്പാക്കുക.

• ഏതെങ്കിലും ഓൺ-ലൈൻ/ ഈ-കോം ഇടപാടുകൾ നടത്തുന്നതിന് മുൻപായി വെബ് സൈറ്റിന്റെ / പോർട്ടലിന്റെ ആധികാരികത ഉറപ്പാക്കുക. നിങ്ങളെ ചതിച്ചേക്കാവുന്ന, നിങ്ങളുടെ പണം നഷ്ടപ്പെടുത്തിയേക്കാവുന്ന വ്യാജ വെബ് സൈറ്റുകളെപ്പറ്റി ബോധവാനായിരിക്കുക.

• ബാങ്ക് നല്കിയിട്ടുള്ള കാർഡ് ഉപഭോക്താവിന്റെ സ്വകാര്യ ഉപയോഗത്തിനുള്ളതാണ്. ഏതെങ്കിലും മൂന്നാം കക്ഷിക്ക് പകരമായോ വേണ്ടിയോ നടത്തുന്ന ഇടപാടുകളെ ബാങ്ക് പിന്താങ്ങുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്നില്ല.

• അന്താരാഷ്ട്ര ഇടപാടുകളിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങളിലും റീഫണ്ടുകളിലും നാണയ മൂല്യത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മൂലം ഉണ്ടായേക്കാവുന്ന വ്യത്യാസം ഉപഭോക്താവ് വഹിക്കേണ്ടതാണ്.

**സമ്പർക്ക മാധ്യമങ്ങൾ:**

**ഉപഭോക്തൃ സേവനങ്ങൾ:**

1860 500 5555 അല്ലെങ്കിൽ 1860 419 5555 ഇൻഡ്യയിലെ ഏത് മൊബൈലിൽ നിന്നും ലാൻഡ് ഫോണിൽ നിന്നും വിളിക്കാവുന്നതാണ്.

എയ്സ് ക്രെഡിറ്റ് കാർഡുകൾക്ക്: 1860 419 1919
ബർഗണ്ടി പ്രൈവറ്റ് കാർഡുകൾക്ക്: 1800 210 8888
വിസ്താര ഇൻഫിനിറ്റ്, റിസേർവ്, സെലക്ട്, അറ്റ്ലസ്, മൈൽസ് & മോർ വേൾഡ് സെലക്ട് & ഇൻഫിനിറ്റ് പ്രീമിയം കാർഡുകൾക്ക്: 1800 419 0065

+91 - 22-27648000 ഇൻഡ്യക്കു പുറത്തു നിന്നും വിളിക്കാൻ

ഈ-മെയിൽ ഐഡി : axisbank.com/support
എയ്സ് ക്രെഡിറ്റ് കാർഡുകൽക്കുള്ള ഈ-മെയിൽ ഐഡി: service.acecard@axisbank.com

എൽഐസി കാർഡുകൾക്ക്: 1800 419 0064
ഈ-മെയിൽ ഐഡി: liccards@axisbank.com

പരാതി പരിഹാരം/ വിപുലീകരണം

To,

Mr.Caesar Pinto, Nodal Officer

Axis Bank Ltd., NPC1, 5th Floor, "Gigaplex", Plot No. I.T.5, MIDC,
Airoli Knowledge Park, Airoli, Navi Mumbai - 400 708.
**ഈ-മെയിൽ ഐഡി**: nodal.officer@axisbank.com,
**ഫോൺ**: 91-080-61865200.
**സമയം**: 9:30am to 5:30pm (**തിങ്കൾ മുതൽ വെള്ളി വരെ**)

9:30am to 2:00pm (**ശനിയാഴ്ചകളിൽ**) ബാങ്ക് അവധി ദിനങ്ങൾ ഒഴികെ